**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 28, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ശ്രദ്ധ ക്ഷണിക്കൽ

(1) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം

ശ്രീ. ബി. ബാബു പ്രസാദ്: സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളെ കമ്മ്യൂണൽ റൊട്ടേഷൻ പ്രകാരവും സംവരണതത്വങ്ങൾ പാലിച്ചുകൊണ്ടും സീനിയോറിറ്റി അനുസരിച്ചും തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നുമാണ് നിയമിക്കേണ്ടതെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. സംസ്ഥാനത്തെ വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലടക്കം പിൻവാതിൽ നിയമനം നടത്തുന്നതിനാൽ യഥാർത്ഥ തൊഴിൽരഹിതർക്ക് അവസരം കിട്ടുന്നില്ല. ഭരണഘടന അനുശാസിച്ചിട്ടുള്ള സംവരണതത്വം പാലിക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നും സർക്കാരിന് നൽകിയ പ്രൊപ്പോസൽപോലും നടപ്പിലാ

ക്കിയിട്ടില്ല. പൊതുമേഖല, സഹകരണം തുടങ്ങിയ സ്ഥാപനങ്ങളിലും എൻ.ആർ.എച്ച്.എം.-ന്റെ വ്യവസ്ഥ പ്രകാരം ആരോഗ്യവകുപ്പിലും നടത്തിയ നിയമനങ്ങളിൽ സി.എൻ.വി. ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല. കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം വകുപ്പ് അദ്ധ്യക്ഷന്മാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വേക്കൻസികൾ അറിയിക്കാനും തയ്യാറാകുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഇനി നടക്കുന്ന നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്താനും ശക്തമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): നിലവിലുള്ള ഉത്തരവുപ്രകാരം സംസ്ഥാന/അർദ്ധ സർക്കാർ വകുപ്പുകളിലെ എല്ലാ താൽക്കാലിക ഒഴിവുകളും ഏംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ നികത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിലുണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. സാമുദായിക സംവരണം പാലിക്കേണ്ടതിന്റേയും അതിന്റെ രജിസ്റ്റർ സൂക്ഷിക്കേണ്ടതിന്റേയും ചുമതല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കാതെ സംവരണ നിയമങ്ങൾ ലംഘിച്ചുകൊണ്ട് നിയമനം നടത്തരുതെന്നും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ നികത്തണമെന്നുമുള്ള കർശന നിർദ്ദേശം വകുപ്പുമേധാവികൾക്കും സ്ഥാപനമേധാവികൾക്കും നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരും എംപ്ലോയ്മെന്റ് മാർക്കറ്റിംഗ് ഇൻഫർമേഷൻ ഓഫീസർമാരും അവരുടെ പരിധിയിൽ വരുന്ന

സ്ഥാപനങ്ങളിൽ നിയമലംഘനം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുകയും അനധികൃതമായി നിയമനം നടന്നിട്ടുള്ള സ്ഥപനങ്ങൾക്കെതിരെ നിയമപ്രകാര മുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്രസ്ഥാപനത്തിലു ണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കണ മെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നിയമനം നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടില്ലാത്തതിനാൽ കേന്ദ്ര നിയമത്തിൽ വ്യവസ്ഥ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ നിയമം കൊണ്ടുവരാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിൽ കഴിഞ്ഞ നാലരവർഷത്തിനകം 55000 പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചിട്ടുണ്ട്. പുറംവാതിലിൽക്കൂടി ആരെയും നിയമി ക്കാൻ പാടില്ലെന്ന് തീരുമാനമെടുക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥിരം നിയമനത്തിന് ഓരോ സ്ഥാപനത്തിനും അതിന്റേതായ ചട്ടങ്ങളുണ്ട്. താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി തന്നെ നടത്തണമെന്ന് കർശനമായ നിർദ്ദേശം കൊടുക്കുകയും അത് പാലിക്കുന്നു ണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യും.

(2) <u>മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി</u>

<u>ശ്രീ. എം. എം. മോനായി</u>: മലയാള ഭാഷയ്ക്ക് ക്ളാസ്സിക്കൽ പദവി ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാളം നിർബന്ധമായി പഠിപ്പിക്കണം. മലയാള ഭാഷയെ ക്ളാസ്സിക്കൽ ഭാഷയായി പ്രഖ്യാപിക്കണമെന്ന ആവശ്യം അംഗീകരിക്കാത്ത കേന്ദ്ര സർക്കാർ തമിഴി നേയും തെലുങ്കിനേയും കന്നടയേയും ക്ളാസ്സിക്കൽ ഭാഷയായി അംഗീകരി ച്ചത് വിവേചനമാണ്. ലോകത്തിലെ നിരവധി രാജ്യങ്ങളിൽ മലയാളിയുടേയും

മലയാളത്തിന്റേയും സാന്നിദ്ധ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മലയാളത്തോടുള്ള അവഗണന അവസാനിപ്പിച്ച് മലയാള ഭാഷയെ ക്ളാസ്സിക്കൽ ഭാഷാ പദവിയിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മലയാളം ശരിയായി സംസാരിക്കാനോ വായിക്കാനോ എഴുതാനോ അറിയാത്ത ഒരു തലമുറ വളരുന്നത് തടയണം. ഇതര ഇൻഡ്യൻ സംസ്ഥാനങ്ങളിൽ മാതൃഭാഷാപഠനം നിർബന്ധമാക്കിയിട്ടുള്ളതിനാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ വിഭാഗം സ്കൂളുകളിലും 10-ാം ക്ലാസ്സു വരെ മലയാള ഭാഷാപഠനം നിർബന്ധമാക്കുന്നതിന് നിയമനിർമ്മാണം നടത്തണം. മലയാളം സർവ്വകലാശാല രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): മലയാളത്തിന് ക്ലാസ്സിക്കൽ പദവി നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ച സമിതിയുടെ 29-04-2010-ലെ യോഗ തീരുമാനപ്രകാരം 2010 മേയ് 5-ന് മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രശസ്ത സാഹിത്യകാരന്മാരും ഭാഷാ പണ്ഡിതന്മാരും അടങ്ങുന്ന ഒരു പ്രത്യേക പ്രതിനിധി സംഘം മലയാളത്തിന് ക്ലാസ്സിക്കൽ പദവി നൽകണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് സമർപ്പിച്ച നിവേദനം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് പ്രധാനമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്. തുടർന്ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രവർത്തക സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരത്തെ ഇന്റർനാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സിൽ ഡോ.പുതുശ്ശേരി രാമചന്ദ്രന്റെ നേതൃത്വത്തിൽ ക്ളാസ്സിക്കൽ ഭാഷാപദവിക്കു

വേണ്ടി സമർപ്പിക്കുന്നതിനുള്ള രേഖകൾ ശാസ്ത്രീയമായും ആധികാരികമായും തയ്യാറാക്കിവരികയാണ്. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭ്യമാക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് വിഭാഗ ത്തിൽപ്പെടുന്ന ഇംഗ്ലീഷ് ബോധനമാധ്യമമാക്കിയിട്ടുള്ള എല്ലാ സ്ക്കൂളുക ളിലും മാതൃഭാഷ പഠിപ്പിക്കണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. സി.ബി.എ സ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന സമയത്ത് മലയാളഭാഷ പഠിപ്പിക്കണമെന്ന് സത്യവാങ്മൂലം വാങ്ങാറുണ്ട്. മാതൃഭാഷ യോട് താൽപ്പര്യം കുറഞ്ഞുവരുന്ന കാര്യം സർക്കാർ ഗൗരവമായി കാണു കയാണ്. സംസ്ഥാനത്ത് 4-ാം ക്ലാസ്സുവരെയെങ്കിലും മാതൃഭാഷ നിർബന്ധ മായി പഠിപ്പിച്ചിരിക്കണമെന്ന ഉത്തരവ് പാലിക്കാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങ ളുടെ മേൽ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര സിലബസ്സി ലുള്ള സ്ക്കൂളുകളുടെ പാഠ്യപദ്ധതിയിൽ മലയാളം ഉൾപ്പെടുത്തണമെന്ന് സർക്കാർ ബന്ധപ്പെട്ട ബോർഡുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. മലയാളഭാഷ യുടെയും സാഹിത്യത്തിന്റെയും പഠനത്തിനും ഗവേഷണത്തിനും ഊന്നൽ നൽകുന്നതിനായി സർവ്വകലാശാലകളിലെ മലയാളം ഡിപ്പാർട്ടുമെന്റുകൾ ശക്തിപ്പെടുത്തുകയാണ് വേണ്ടത്. കേന്ദ്രസർക്കാരിൽനിന്നും പ്രത്യേക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മലയാള സർവ്വകലാശാല സ്ഥാപിക്കണമെന്ന ആവശ്യം ഗവൺമെന്റ് പ്രത്യേകമായി പരിഗണിക്കുന്നതാണ്. ഭാഷാ സമ്മേളനം നടത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ തീയതിയും മറ്റുകാര്യങ്ങളും അംഗങ്ങളെ അറിയിക്കുന്നതാണ്.

## സബ്മിഷൻ

(1) സെക്രട്ടേറിയറ്റിലെ സെക്യൂരിറ്റി ജീവനക്കാരുടെ പ്രൊമോഷൻ

ശ്രീ. ജോർജ് മേഴ്സിയർ : സെക്രട്ടേറിയറ്റിൽ 2005 ഏപ്രിൽ 8-ന് സ്ഥിരനിയമനം നൽകിയ സെക്യൂരിറ്റി ജീവനക്കാരെ അവഗണിച്ച് ജൂൺ 8-ന് നിയമിതരായ സെക്യൂരിറ്റി ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയതിനെയും സീനിയോറിറ്റി ലംഘിച്ച് 516 സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചതിനേയും സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പൊതുഭരണ സെക്രട്ടേറിയറ്റിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച് സ്ഥിരപ്പെടുത്തിയ സെക്യൂരിറ്റി ജീവനക്കാരും പി.എസ്.സി. വഴി നിയമിക്കപ്പെട്ടവരുമുണ്ട്. 21-11-2006-ൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ താൽക്കാലികക്കാരായി വന്ന് സ്ഥിരപ്പെടുത്തപ്പെട്ടവർക്കാണ് സീനിയോറിറ്റി ലഭിച്ചത്. ഇതിനെതിരെ പി.എസ്.സി വഴി നിയമനം ലഭിച്ചവർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷന് അനുകൂലമായ വിധിയുണ്ടായി. ഇതിനെതിരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമനം ലഭിച്ചവർ അപ്പീൽ ഫയൽ ചെയ്തെങ്കിലും ഹൈക്കോടതി അംഗീകരിച്ചില്ല. കോടതിവിധിപ്രകാരം സെക്യൂരിറ്റി ജീവനക്കാരുടെ സീനിയോറിറ്റി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചുവരവേ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ടവർ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി. ഫയലിൽ സ്വീകരിക്കുകയും സ്റ്റാറ്റസ്കോ നിലനിർത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. 15-03-2010-ലെ ഇടക്കാല ഉത്തരവുപ്രകാരം എസ്.എൽ.പി-യിലെ അന്തിമവിധിക്ക് വിധേയമായി പ്രൊമോഷൻ നൽകാൻ സുപ്രീംകോടതി

അനുമതി നൽകിയതിനെത്തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ അനുമതി തേടുകയും പുതിയ കരട്ലിസ്റ്റ് പ്രസിദ്ധീകരിച്ചതോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചവർക്ക് സീനിയോറിറ്റി നൽകിക്കൊണ്ടുള്ള പഴയ ലിസ്റ്റ് ഇല്ലാതായിയെന്നും പുതിയ ലിസ്റ്റിൽനിന്ന് എസ്.എൽ.പി-യുടെ അന്തിമ വിധിക്ക് വിധേയമായി പ്രൊമോഷൻ നൽകാവുന്നതാണെന്നുമുള്ള അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശപ്രകാരം അന്തിമ ലിസ്റ്റ് 13-07-2010-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. സുപ്രീംകോടതി വിധിക്ക് വിധേയമായിട്ടായി രിക്കും സെക്രട്ടേറിയറ്റിലെ സെക്യൂരിറ്റി ജീവനക്കാരുടെ പ്രൊമോഷൻ നടത്തുന്നത്.

(2) <u>അർബുദരോഗവ്യാപനം</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി പഞ്ചായത്തിലെ മുഞ്ഞക്കുളം പ്രദേശത്ത് വ്യാപിച്ചിരിക്കുന്ന അർബുദരോഗത്തിന്റെ കാരണങ്ങളെ സംബന്ധിച്ച് പഠിക്കാനും ജനങ്ങളുടെ ഭീതിയകറ്റാനും അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>) : കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ മുഞ്ഞക്കുളം പ്രദേശത്ത് അർബുദരോഗം വ്യാപിക്കുന്നതായുള്ള പത്രവാർത്ത ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ക്യാൻസർ രോഗവ്യാപനം തടയുന്ന തിനും രോഗം കാലേക്കൂട്ടി കണ്ടെത്തുന്നതിനും ആരംഭഘട്ടത്തിൽത്തന്നെ ചികിത്സ ഉറപ്പുവരുത്തുന്നതിനും സർക്കാർ പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നതിന്റെ ഭാഗമായി ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ എന്നിവയ്ക്ക് പുറമെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരെയും സ്വകാര്യ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് കഴിഞ്ഞ മാസം വിശദ

മായ ചർച്ച നടത്തുകയുണ്ടായി. ഇതനുസരിച്ച് ഓരോ ജില്ലയിലും പ്രധാനപ്പെട്ട ഒരു ആശുപത്രിയിലെങ്കിലും ക്യാൻസർ നിർണ്ണയത്തിനും പ്രാരംഭ ചികിത്സകൾക്കും സൗകര്യങ്ങളൊരുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഈ ആശുപത്രികളിലെ തെരഞ്ഞെടുക്കപ്പെട്ട ഡോക്ടർമാർക്ക് ആർ.സി.സി.-യിലും മലബാർ ക്യാൻസർ സെന്ററിലും പരിശീലനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ പ്രാദേശികമായി പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ക്യാൻസർ നിർണ്ണയക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. കൂട്ടിലങ്ങാടി പഞ്ചായത്തിലെ മുഞ്ഞക്കുളത്തും കൈനകരി ഗ്രാമപഞ്ചായത്തിൽ നടത്തിയതുപോലുള്ള സർവ്വേയും മെഡിക്കൽ കോളേജിലെ വിദഗ്ദ്ധ ഡോക്ടർമാരെവച്ച് പരിശോധനയും രോഗനിർണ്ണയ ക്യാമ്പും നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(3) നെൽപ്പാടങ്ങൾ സംരക്ഷിക്കാൻ നടപടി

ശ്രീ. പി. സി. ജോർജ് : കേരള നെൽവയൽ-നീർത്തട സംരക്ഷണ നിയമത്തിൽ അനുശാസിക്കുന്ന ഗ്രാമതല കമ്മിറ്റികളും ഡാറ്റാ ബാങ്കും രൂപീകരിക്കാത്തതിനാൽ നെൽവയലുകൾ നികത്തുന്നതിനെതിരെ ആർ.ഡി.ഒ. മാർ ഇഷ്യുചെയ്യുന്ന നോട്ടീസിന് ഹൈക്കോടതിയിൽനിന്ന് സ്റ്റേ വാങ്ങിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ നെൽവയൽ നീർത്തടങ്ങൾ സംരക്ഷിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : ഗ്രാമതല സമിതികൾ രൂപീകരിക്കുന്നതും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതുമായ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള പ്രവൃത്തികൾ കൃഷി ഓഫീസർമാർ ആർ.ഡി.ഒ.-മാർക്ക്

റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമലംഘനം തടയുന്നതിനായി കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിയമലംഘനം തടയുന്നതിൽ വീഴ്ച വരുത്തിയ തൃശൂർ, തിരുവല്ല ആർ.ഡി.ഒ.-മാരേയും ചില വില്ലേജ് ഓഫീസർമാരേയും സസ്പെന്റ് ചെയ്യുകയും അവരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നെൽവയൽ-നീർത്തട സംരക്ഷണ നിയമം അനുസരിച്ച് സംസ്ഥാനത്ത് ഇതുവരെയായി 1100-ഓളം കേസുകൾ ചാർജ് ചെയ്യുകയും നിയമവിരുദ്ധമായി നികത്തിയ നെൽപ്പാടങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ മിക്കവാറും ജില്ലകളിൽ നികത്തിയ ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്ന നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(4) <u>വാദ്യകലാകാരൻമാർക്ക് ക്ഷേമനിധി</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : ഉത്സവകാലങ്ങളിൽ മാത്രം വരുമാനം ലഭിക്കുന്ന വാദ്യകലാകാരന്മാർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ. ബേബി)</u>: സാംസ്ക്കാരിക വകുപ്പ് സമഗ്രമായ കലാകാര ക്ഷേമനിധി രൂപവൽക്കരിക്കുന്നതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്നതാണ്.

(5) <u>മഴമൂലമുണ്ടായ നാശനഷ്ടങ്ങൾ</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ അതിശക്തമായ മഴമൂലം നാശനഷ്ടം സംഭവിച്ചവർക്ക് അടിയന്തിര ആശ്വാസ നടപടികൾ ലഭ്യമാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : കാസർകോഡ്, കണ്ണൂർ ജില്ലകളിൽ കനത്ത മഴമൂലമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച പൂർണ്ണമായ കണക്കുകൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ വീടുകൾ തകർന്നവർക്ക് ഒരു ലക്ഷം രൂപ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ കാസർകോഡിന് അനുവദിച്ച 1,35,00,000 രൂപയും കണ്ണൂരിന് അനുവദിച്ച 1,30,00,000 രൂപയും എത്രയുംവേഗം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

(6) അന്താരാഷ്ട്ര വിമാനത്താവളത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാൻ നടപടി

ശ്രീ. എ. പ്രദീപ് കുമാർ : കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ 350 കോടി രൂപ അനുവദിച്ചുവെങ്കിലും 136 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിൽ ഗവൺമെന്റ് കാലതാമസം വരുത്തിയിരിക്കുകയാണ്. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സ്റ്റാറ്റസ് നിലനിറുത്തുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടി ത്വരിതഗതിയിലാക്കുന്നതിന് ഒരു ഉന്നതതല യോഗം വിളിക്കാൻ സർക്കാർ തയ്യാറാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനുവേണ്ടിയുള്ള 137 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽത്തന്നെ പല യോഗങ്ങളും ചേർന്നിരുന്നുവെങ്കിലും തദ്ദേശവാസികളുടെ ശക്തമായ എതിർപ്പുമൂലം ഒരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഭൂമി ഏറ്റെടുക്കുന്ന ഭാഗത്തുവരുന്ന 176

കുടുംബങ്ങളെ പുനരധിവസിപ്പിക്കാനാവശ്യമായ 20 ഏക്കർ സ്ഥലം കൂടി ഏറ്റെടുക്കാനുള്ള നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്. മുഖ്യമന്ത്രി യുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(7) മലയാറ്റൂർ രാമകൃഷ്ണന് സ്മാരകം

ശ്രീ. സാജു പോൾ: ഇരിങ്ങോൾ നാഗഞ്ചേരി മന മലയാറ്റൂർ രാമകൃഷ്ണന്റെ സ്മാരകമായി പ്രഖ്യാപിച്ച് അവിടെ വാക്സ് മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ( ശ്രീ. എം.എ ബേബി) : 150 വർഷം പഴക്കമുള്ള നാഗഞ്ചേരി മന ഇപ്പോൾ പെരുമ്പാവൂർ നഗരസഭയുടെ പൂർണ്ണ ഉടമസ്ഥതയിലാണ്. പെരുമ്പാവൂർ നഗരസഭയുമായി ബന്ധപ്പെട്ട് നാഗഞ്ചേരി മന ചരിത്രസ്മാരകമാക്കി നിലനിറുത്തുന്നതിനും മ്യൂസിയം, പാർക്ക്,. അക്വേറിയം എന്നിവ ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനും സംസ്ഥാന പുരാവസ്തുവകുപ്പുവഴി ആവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊള്ളുന്നതാണ്.

(8) മെർക്കിസ്റ്റൺ എസ്റ്റേറ്റ് ഭൂമിയുടെ കേസ്സിലെ സ്റ്റേ ഉത്തരവ് നീക്കം ചെയ്യാൻ നടപടി

ശ്രീ. വി.ഡി. സതീശൻ: മെർക്കിസ്റ്റൺ എസ്റ്റേറ്റ് കേസ്സുമായി ബന്ധപ്പെട്ട ഇ.എഫ്.എൽ കസ്റ്റോഡിയൻ ഉത്തരവും പ്രസ്തുത സ്ഥലം ഒഴിഞ്ഞുപോകാ നായി തിരുവനന്തപുരം ഡി.എഫ്.ഒ നൽകിയ നോട്ടീസും ഹൈക്കോടതി സ്റ്റേ ചെയ്യുകയും പ്രസ്തുത സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനായി സർക്കാർ 23-10-07-ൽ സത്യവാങ്മൂലം ഫയൽ ചെയ്യുകയും ചെയ്തു. മൂന്നുവർഷം കഴിഞ്ഞിട്ടും നാളിതുവരേയും പ്രസ്തുത കേസിന്മേൽ തീർപ്പുകൽപ്പിക്കാൻ

സാധിച്ചിട്ടില്ല. കേസിന്റെ പരിഗണനാവേളയിൽ സർക്കാരിനുവേണ്ടി ഹാജരായ വക്കീലന്മാർ 42 പ്രാവശ്യവും സ്റ്റേ വെക്കേറ്റ് ചെയ്ത് തീർപ്പ് കൽപ്പിക്കണമെന്ന് പറയുന്നതിനുപകരം മന:പൂർവ്വം കാലതാമസമുണ്ടാക്കുന്നതിനുവേണ്ടി കേസ്സ് മാറ്റിവയ്ക്കണമെന്നാണ് ആവശ്യപ്പെട്ടത്. സർക്കാരിന്റെ കാലാവധിക്കുള്ളിൽ ഈ സ്റ്റേ വെക്കേറ്റ് ചെയ്ത് തീർപ്പുണ്ടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): 2-6-2000 മുതൽ സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട മെർക്കിസ്റ്റൺ എസ്റ്റേറ്റിലെ 268.872 ഹെക്ടർ പ്രദേശം സംബന്ധിച്ച വിവരങ്ങൾ 20-10-2000-ലെ ഒന്നാം നമ്പർ കേരള ഗസറ്റിൽ ഇ.എഫ്.എൽ. കസ്റ്റോഡിയൻ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 12-6-07-ലെ ഇ.എഫ്.എൽ ഉത്തരവുപ്രകാരം 268.872 ഹെക്ടർ ഭൂമിയിൽ നിന്നും 24.409 ഹെക്ടർ ഒഴികെ ബാക്കിയുള്ള ഭൂമി പരിസ്ഥിതി ദുർബലപ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. തുടർന്ന് 7-9-07-ൽ ഇ.എഫ്.എൽ. കസ്റ്റോഡിയന്റെ ഉത്തരവ് പ്രകാരം പ്രസ്തുത ഇ.എഫ്.എൽ. ഭൂമി പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാണെന്നും ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് മറ്റൊരു വിജ്ഞാപനവും ഇതേവരെ സർക്കാരിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഇ.എഫ്.എൽ കസ്റ്റോഡിയന്റെ അറിവോ സമ്മതമോ കൂടാതെ പ്രസ്തുത ഭൂമിയിൽ പ്രവേശിക്കാനോ പരിസ്ഥിതിക്ക് ഹാനികരമായ എന്തെങ്കിലും പ്രവൃത്തികൾ ചെയ്യാനോ ആർക്കും അധികാരമില്ലായെന്നും പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് 8-9-07-ലെ ഉത്തരവുപ്രകാരം ഇ.എഫ്.എൽ ഭൂമിയിൽ നിന്നും ഒഴിഞ്ഞുപോകാനായി മെസ്സേഴ്‌ സതേൺ ഫീൽഡ് വെഞ്ചേഴ്സിന്

തിരുവനന്തപുരം ഡി.എഫ്.ഒ. നൽകിയ നോട്ടീസിനെതിരെ സ്ഥാപനത്തിന്റെ ഉടമ സേവി മനോ മാത്യു ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഇ.എഫ്.എൽ. കസ്റ്റോഡിയന്റേയും തിരുവനന്തപുരം ഡി.എഫ്.ഒ.-യുടേയും നോട്ടീസുകൾ താൽക്കാലികമായി കോടതി സ്റ്റേ ചെയ്യുകയും സ്റ്റേ വെക്കേറ്റ് ചെയ്തുകിട്ടുന്നതിനായി സർക്കാർ 23-10-07-ൽ സത്യവാങ്മൂലം ഫയൽ ചെയ്യുകയും ചെയ്തു. അതിനുശേഷം ഏതാണ്ട് 42 തവണ ഈ കേസ് ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വരികയും എല്ലാ പ്രാവശ്യവും എത്രയുംവേഗം തീർപ്പുണ്ടാകണമെന്ന് സർക്കാർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതേ വിഷയം സംബന്ധിച്ച് ഹൈക്കോടതിയിൽ മറ്റ് 10 കേസ്സുകൾ കൂടി നിലവിലുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റീസ് ഉൾപ്പെട്ട ബെഞ്ച് ഈ കേസ്സുകൾ ഒരുമിച്ചാണ് പരിഗണിച്ചുവരുന്നത്. നിലവിലുള്ള സ്റ്റേ അടിയന്തിരമായി ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കേസ്സ് നടത്തിപ്പിൽ സർക്കാർ അഭിഭാഷകരുടേയോ സർക്കാർ ഉദ്യോഗസ്ഥരുടേയോ ഭാഗത്തു നിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല.

(9) <u>അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ</u>

<u>ശ്രീമതി കെ.കെ.ലതിക</u>: സംസ്ഥാനത്തെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u>: അംഗൻവാടി വർക്കർമാർക്ക് 500 രൂപയും ഹെൽപ്പർമാർക്ക് 300 രൂപയും പ്രതിമാസം പെൻഷൻ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. പെൻഷൻ പറ്റുന്ന ആൾ മരണപ്പെട്ടാൽ അംഗൻവാടി വർക്കർമാരുടെ

ആശ്രിതർക്ക് 15,000 രൂപയും ഹെൽപ്പർമാരുടെ ആശ്രിതർക്ക് 10,000 രൂപയും ഒറ്റത്തവണ എക്സ്ഗ്രേഷ്യയായി നൽകാനും വിരമിക്കൽ ആനുകൂല്യം നൽകാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ചില അംഗൻവാടി ജീവനക്കാർ ഹൈക്കോടതിയിൽ കൊടുത്ത കേസ്സുമായി ബന്ധപ്പെട്ട് അന്തിമവിധി വരാത്തതുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റിന് പെൻഷൻ കൊടുക്കാൻ സാധിക്കാത്തത്. ആ കേസ് തീർപ്പാക്കാൻ ശ്രമിക്കുകയും ഹൈക്കോടതി വിധി വരുന്ന മുറയ്ക്ക് ഇവർക്ക് പെൻഷൻ ലഭ്യമാക്കുകയും ചെയ്യുന്നതാണ്.

(10) <u>ദളിത് വിദ്യാർത്ഥിയെ മർദ്ദിച്ച പോലീസിനെതിരെ നടപടി</u>

<u>ശ്രീ. ജി. കാർത്തികേയൻ</u> : ആര്യനാട് നിയോജക മണ്ഡലത്തിലെ മഠത്തിക്കോണം സ്വദേശി ശരൺ എന്ന ദളിത് വിദ്യാർത്ഥിയെ മർദ്ദിച്ച പോലീസിനെതിരെ നടപടി സ്വീകരിക്കണം.

<u>ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> : വി.എസ്.ഡി.പി ചെയർമാനെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് തിരുവനന്തപുരം ജില്ലയിൽ ഹർത്താൽ നടന്ന ദിവസം പോലീസ് സംരക്ഷണത്തോടെ സർവ്വീസ് നടത്തിവരവെ കെ.എസ്.ആർ.ടി.സി ബസ്സിനുനേരെ മൂന്നുപേർ ചേർന്ന് കല്ലെറിയുകയും നാശനഷ്ടമുണ്ടാക്കുകയും ചെയ്ത സംഭവത്തിൽ കാട്ടാക്കട പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ കോടതി മുമ്പാകെ ഹാജരാക്കുകയും ചെയ്തു. എന്നാൽ പ്രതികളിൽ ഒരാളായ ശരണിന് 17 വയസ്സുമാത്രം പ്രായമുള്ളതിനാൽ കോടതി ശരണിനെ രക്ഷകർത്താക്കളോടൊപ്പം വിട്ടയയ്ക്കുകയാണുണ്ടായത്. ശരണിനെ മർദ്ദിച്ചതായ പരാതി ആ സമയത്തോ അതിനുശേഷമോ ലഭിച്ചിരുന്നില്ല. കോടതിയിലും ഇക്കാര്യം

പറഞ്ഞിരുന്നില്ല. ഇപ്പോൾ ശരണിന്റെ പരാതി ലഭ്യമായതിനെത്തുടർന്ന് ഇക്കാര്യം പരിശോധിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആരുടെയെങ്കിലും ഭാഗത്തുനിന്ന് തെറ്റായ നടപടിയുണ്ടായിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(11) ട്രാഫിക് പോലീസ് സ്റ്റേഷൻ

ശ്രീ. കെ. ബാബു : കൊച്ചി ഈസ്റ്റ് സബ് ഡിവിഷൻ ഇടപ്പള്ളി ട്രാഫിക് യൂണിറ്റ് കേസ് ചാർജ് ചെയ്യാൻ അധികാരമുള്ള ട്രാഫിക് സ്റ്റേഷനായി പ്രഖ്യാപിക്കുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : കൊച്ചി സിറ്റിപോലീസിന്റെ ഭാഗമായി ട്രാഫിക് വെസ്റ്റ് സബ് ഡിവിഷൻ, ട്രാഫിക് ഈസ്റ്റ് സബ്ഡിവിഷൻ എന്നിവ പ്രവർത്തിച്ചു വരുന്നു. ഓരോ ട്രാഫിക് സബ്ഡിവിഷനിലും ഓരോ അസിസ്റ്റന്റ് കമ്മീഷണറും ഒരു സർക്കിൾ ഇൻസ്പെക്ടറും 9 സബ് ഇൻസ്പെക്ടർമാരും മറ്റ് പോലീസ് ഉദ്യോഗസ്ഥരും ജോലി ചെയ്യുന്നുണ്ട്. ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചാണ് ഇപ്പോൾ ട്രാഫിക് നിയന്ത്രിക്കുന്നത്. ട്രാഫിക് വെസ്റ്റ് പോലീസ് സ്റ്റേഷനാണ് നോട്ടിഫൈഡ് സ്റ്റേഷനായി പ്രഖ്യാപിച്ചിട്ടുള്ളത്. ട്രാഫിക്കിന്റെ സുഗമമായ നിയന്ത്രണത്തിനുവേണ്ടി മട്ടാഞ്ചേരി ട്രാഫിക് യൂണിറ്റ്, ഇടപ്പള്ളി ട്രാഫിക് യൂണിറ്റ്, തൃപ്പൂണിത്തുറ ട്രാഫിക് യൂണിറ്റ് എന്നിവ പ്രർത്തിക്കുന്നുണ്ട്. ഇവ നോട്ടിഫൈഡ് പോലീസ് സ്റ്റേഷനുകളാക്കിയാൽ പോലീസുകാർ കേസന്വേഷണത്തിന്റെ ഭാഗമായി പോകുകയും എൻഫോഴ്സ്മെന്റിനുവേണ്ടി

പോലീസുകാരെ കിട്ടാത്ത സ്ഥിതി സംജാതമാകുകയും ചെയ്യും ഇപ്പോഴുള്ള പോലീസിന്റെ അംഗസംഖ്യ ഉപയോഗിച്ച് ഫലപ്രദമായ സംവിധാനമെന്ന നിലയിലാണ് ചെയ്തിട്ടുള്ളത്. കൂടുതൽ സ്ഥലത്ത് ട്രാഫിക് സ്റ്റേഷനുകൾ പ്രഖ്യാപിക്കുന്ന സന്ദർഭത്തിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്. കെട്ടിടം നിർമ്മിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(12) <u>മറാട്ടി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി</u>

<u>ശ്രീ. സി.എച്ച്. കുഞ്ഞമ്പു</u> : കാസർഗോഡ് ജില്ലയിലെ മറാട്ടി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ)</u>: 2002 വരെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന കാസർഗോഡ് ജില്ലയിലെ മറാട്ടി സമുദായത്തെ സാമൂഹികമായി പുരോഗതി പ്രാപിച്ചിട്ടുണ്ടെന്ന് കിർത്താഡ്സ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കിയിരിക്കുകയാണ്. ഈ വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഗണിച്ച് വീണ്ടും പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ കുറെ വർഷങ്ങളായി കേന്ദ്ര ഗവൺമെന്റുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കർണ്ണാടകയിലെ മറാട്ടി സമുദായക്കാരെപ്പോലെ ഈ വിഭാഗത്തേയും പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് വീണ്ടും അഭ്യർത്ഥിക്കുന്നതാണ്.

(13) <u>മണൽവാരൽ നിരോധനം</u>

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : കൊട്ടാരക്കര മണ്ഡലത്തിലെ കുളക്കട പഞ്ചായത്തിൽ ആറ്റുകടവിലെ മണൽവാരൽ നിരോധനം പിൻവലിക്കുന്ന

തിനും മണലിന് അധികവില ഈടാക്കുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : നദീതീര സംരക്ഷണ നിയമം അനുസരിച്ച് സംസ്ഥാനത്ത് മൺസൂൺ കാലയളവിൽ ആറ്റുമണൽ ഖനനത്തിന് നിരോധനം ഏർപ്പെടുത്തിവരുന്നതിന്റെ അടിസ്ഥാനത്തിലാണ് കൊല്ലം ജില്ലയിലെ ഇത്തിക്കര-കല്ലട നദികളിലെ അംഗീകൃത കടവുകളിൽനിന്നുള്ള മണൽഖനനം താൽക്കാലികമായി നിരോധിച്ചിട്ടുള്ളത്. ആഗസ്റ്റ് 1 മുതൽ നിരോധനം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാഫിയകൾ മണലിന് കൂടുതൽ വില ഈടാക്കുന്ന കാര്യം ജില്ലാ കളക്ടറുടേയും ആഭ്യന്തര വകുപ്പിന്റേയും ശ്രദ്ധയിൽപ്പെടുത്തി തടയുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(14) ആദിവാസികൾക്ക് ഭൂമി ലഭിക്കുന്നതിനുള്ള വരുമാന പരിധി

ശ്രീ. എ.പി. അനിൽകുമാർ: ആദിവാസികൾക്ക് ഭൂമി ലഭിക്കുന്നതിനുള്ള വരുമാനപരിധി 30,000 രൂപയാക്കി നിശ്ചയിച്ച സർക്കാർ ഉത്തരവ് പിൻവലിച്ച് എല്ലാ ആദിവാസികൾക്കും ഭൂമി വിതരണം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): ഒരു സെന്റുഭൂമിയുമില്ലാത്ത വാർഷിക വരുമാനം 30,000 രൂപവരെയുള്ളവർക്കുമാത്രമേ റ്റി.ആർ.ഡി.എം. ഭൂമി ലഭ്യമാകുകയുള്ളൂവെന്ന നിബന്ധനയുണ്ട്. ഭൂമി വിതരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപാകതയുണ്ടെങ്കിൽ സർക്കാർ അത് പരിഹരിക്കും.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ഒരു സെന്റുഭൂമിപോലുമില്ലാത്ത ആദിവാസികൾക്ക് 30,000 രൂപ വരുമാനപരിധി വയ്ക്കുന്നത് ഒഴിവാക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 30,000 രൂപ എന്ന വരുമാനപരിധി ഒഴിവാക്കുന്നത് സംബന്ധിച്ച് ക്യാബിനറ്റിൽ ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(15) പുറമ്പോക്ക് തോട് നികത്തിയത് സംബന്ധിച്ച്

ശ്രീ. എ. കെ. ചന്ദ്രൻ: മാള മണ്ഡലത്തിലെ ആവത്തൂർ, അവണ്ങാട് പാടശേഖരത്തിലെ പുറമ്പോക്ക് തോട് നികത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും തോട് പുന:സ്ഥാപിക്കുകയും ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ഇതു സംബന്ധിച്ച് നിയമപരമായ നടപടികൾ സ്വീകരിക്കാൻ ആർ.ഡി.ഒ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കോടതികളിൽ നിലനിൽക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ആർ.ഡി.ഒ.ക്ക് നിർദ്ദേശം നൽകുന്നതാണ്.

(16) പ്ലസ് ടു സ്ക്കൂളുകൾ

ശ്രീ. പി. സി. വിഷ്ണുനാഥ്: നിലവിൽ പ്ലസ് ടു സ്ക്കൂളുകളില്ലാത്ത ചെങ്ങന്നൂർ മണ്ഡലത്തിലെ പുലിയൂർ, പാണ്ടനാട് പഞ്ചായത്തുകളിൽ പുതിയ പ്ലസ് ടു സ്ക്കൂളുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സംസ്ഥാനത്ത് എല്ലാ പഞ്ചായത്തിലും പ്ലസ് ടു പഠനസൗകര്യം എന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന്റെ ഒന്നാം ഘട്ടമെന്ന നിലയിൽ തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിലെ പ്ലസ് ടു പഠന സൗകര്യമില്ലാത്ത

പഞ്ചായത്തുകളിൽ പ്ലസ് ടൂ പഠനസൗകര്യം ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത ഘട്ടത്തിൽ തെക്കോട്ടുള്ള ജില്ലകളിൽ പ്ലസ് ടൂ പഠനസൗകര്യമേർപ്പെടുത്തുന്ന സമയത്ത് പുലിയൂർ, പാണ്ടനാട് പഞ്ചായത്തുകളെ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(17) ചെട്ടികുളങ്ങര കുംഭഭരണി മഹോൽസവം

ശ്രീ. എം. മുരളി: ചരിത്ര പ്രസിദ്ധമായ ചെട്ടികുളങ്ങര കുംഭഭരണി മഹോൽസവം യുനെസ്ക്കോയുടെ ലോക സാംസ്ക്കാരിക പൈതൃക പാരമ്പര്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ചെട്ടികുളങ്ങര കുംഭഭരണി മഹോൽസവം യുനെസ്ക്കോയുടെ അംഗീകാരമായ ലോകപൈതൃക പാരമ്പര്യ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും കൈക്കൊള്ളുന്നതാണ്.

(18) മിൽമ ജീവനക്കാർക്ക് പെൻഷനും ക്ഷേമനിധിയും

ശ്രീ. വർക്കല കഹാർ: 3500-ഓളം വരുന്ന മിൽമയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണവും ക്ഷേമനിധിയും പെൻഷനും നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): നിലവിലുള്ള ശമ്പള പരിഷ്ക്കരണ കാലാവധി 2011 മാർച്ച് മാസം അവസാനിക്കുന്ന മുറയ്ക്ക് മിൽമയിലെ ജീവനക്കാർക്കുള്ള പുതിയ ശമ്പളപരിഷ്ക്കരണ നടപടികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ജീവനക്കാർ പ്രോവിഡന്റ് ഫണ്ടിന്റെ പരിധിയിൽ വരുന്നതിനാൽ രണ്ടാമതൊരു പെൻഷൻ ഏർപ്പെടുത്താൻ നിർവ്വാഹമില്ല.

(19) റാന്നി രാമപുരം ക്ഷേത്രത്തിന്റെ പുനർനിർമ്മാണം

ശ്രീ. രാജു എബ്രഹാം: അഗ്നിബാധയിൽ നശിച്ച റാന്നി രാമപുരം ക്ഷേത്രം പുനർനിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): റാന്നി രാമപുരം ക്ഷേത്രം 25-07-2010-ന് രാത്രി തീപിടുത്തത്തിൽ കത്തിനശിച്ചതു സംബ ന്ധിച്ച് പോലീസ് അന്വേഷിച്ചുവരുന്നുണ്ട്. ദേവസ്വംബോർഡ് ചീഫ് എൻജി നീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് നാശനഷ്ടങ്ങൾ വിലയിരുത്തുകയുണ്ടായി. അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്താൻ ബോർഡിന്റെ മരാമത്ത് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. യുദ്ധകാ ലാടിസ്ഥാനത്തിൽ നടപടി പൂർത്തിയാക്കുന്നതാണെന്ന് ദേവസ്വം കമ്മീ ഷണർ അറിയിച്ചിട്ടുണ്ട്.

(20) വില്ലേജ് തല കമ്മിറ്റികൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.കെ. പി. പത്മനാഭൻ: 2007-ൽ പ്രാബല്യത്തിൽ വന്ന നെൽവയൽ-നീർത്തട സംരക്ഷണ നിയമമനുസരിച്ച് ആറംഗ കമ്മിറ്റി രൂപീകരിച്ച് നെൽവയലുകൾ നികത്തുന്നത് തടയാൻ നടപടി സ്വീക രിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : നെൽവയൽ നീർത്തട സംരക്ഷണ നിയമമനുസരിച്ച് സംസ്ഥാനതല കമ്മിറ്റികളും എറണാകുളം ജില്ലയിലെ പഞ്ചായത്തുതല കമ്മിറ്റിയും രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലെ വിജ്ഞാപനത്തിന് ഗസറ്റ് നോട്ടിഫിക്കേഷനുവേണ്ടി കളക്ടർമാർ അയച്ചത് പരിശോധിച്ച്

പതിനഞ്ച് ദിവസത്തിനകം വിജ്ഞാപനം പുറപ്പെടുവിച്ച് പ്രശ്നം പരിഹരിക്കുന്നതാണ്.

(21) താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

ശ്രീ. വി. ശശികുമാർ: പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പിലാക്കുന്നതിനുമുമ്പ് 12 ഡോക്ടർമാരുടെ തസ്തികയുണ്ടായിരുന്നത് ഇപ്പോൾ 23 ആയിട്ടുണ്ട്. അതിൽ 20 ഡോക്ടർമാർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്നുണ്ട്. അവിടെ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികയും 24 മണിക്കൂറും പ്രവർത്തിക്കുന്ന സി.എം.ഒ. പോസ്റ്റും ഇപ്പോൾ സൃഷ്ടിച്ചിട്ടുണ്ട്. നിലനിൽക്കുന്ന സാംഗ്ഷൻഡ് പോസ്റ്റിലുള്ള 62 പേരും അഡീഷണലായി 13 പേരും അവിടെ ജോലി ചെയ്യുന്നുണ്ട്. 1961-ലെ സ്റ്റാഫ് പാറ്റേണാണ് ആരോഗ്യമേഖലയിൽ എല്ലാ സർക്കാർ ആശുപത്രികളിലുമുള്ളത്. പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയിൽ വരുന്ന രോഗികൾക്കനുസൃതമായ നഴ്സുമാരുടെ സ്റ്റാഫ് പാറ്റേൺ മാറ്റാനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പ് പരിഗണിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കാം.

(22) <u>കൊപ്പം ഗവൺമെന്റ് ഹൈസ്ക്കൂളുകളിൽ പ്ലസ് ടു കോഴ്സ്</u>

<u>ശ്രീ. സി. പി. മുഹമ്മദ്</u> : പട്ടാമ്പി നിയോജകമണ്ഡലത്തിലെ കൊപ്പം ഗവൺമെന്റ് ഹൈസ്കൂളിൽ വി.എച്ച്.എസ്.ഇ. കോഴ്സുകൾ മാത്രമുള്ളതിനാൽ വിദ്യാർത്ഥികൾക്ക് പ്ലസ് ടു കോഴ്സ് പഠിക്കാനുള്ള സാഹചര്യമില്ല. തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള മലബാർ മേഖലയിൽ പ്ലസ് ടു കോഴ്സുകൾ അനുവദിച്ചതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുന്നതോടൊപ്പം കൊപ്പം ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ. ബേബി)</u> : സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടും കർശനമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും 178 ഹയർ സെക്കണ്ടറി സ്കൂളുകൾ പുതുതായി ഗവൺമെന്റ് അനുവദിച്ചു. പ്ലസ് ടു സ്കൂളുകൾ കുറവുള്ള തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള മലബാർ മേഖലയിൽ സ്കൂളുകൾ അനുവദിച്ചത് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇവിടെ പറഞ്ഞ കാര്യം പരിശോധിക്കുന്നതും മാനദണ്ഡത്തിൽ എന്തെങ്കിലും വ്യതിയാനം സംഭവിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്തുന്നതുമാണ്.

(23) <u>പഞ്ചായത്ത് പ്രദേശം ഹിൽ ട്രാക്ട് ഏരിയായിൽ ഉൾപ്പെടുത്താൻ നടപടി</u>

<u>ശ്രീ. റ്റി. യു. കുരുവിള</u> : കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ നൂറേക്കർ പ്രദേശത്തെ ഹിൽ ട്രാക്ട് ഏരിയയിൽപ്പെടുത്താനും അവിടത്തെ ഉദ്യോഗസ്ഥർക്ക് ലഭിച്ചുകൊണ്ടിരുന്ന ഹിൽ ട്രാക്ട് അലവൻസ് തിരിച്ചുനൽകുന്നതിനും കുട്ടമ്പുഴ പഞ്ചായത്തിലെ നൂറേക്കർ പ്രദേശത്തിലെ 300 കുടുംബങ്ങൾക്ക് കൈവശമുള്ള ഒരേക്കർ

സ്ഥലത്തിന് പട്ടയവിതരണം നടത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ വില്ലേജ് റീ-സർവ്വേ 237-ൽപ്പെട്ട 78 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമിയാണ് നൂറേക്കർ കോളനി. ഇതിൽ 70 ഏക്കറോളം ഭൂമിയിൽ ഏകദേശം മുന്നൂറോളം പേർ വർഷങ്ങളായി കൈവശംവച്ച് വീടുവച്ച് താമസിക്കുന്നുണ്ട്. കൈവശക്കാരുടെ ദീർഘകാലാവശ്യം പരിഗണിച്ച് 01-06-2010-ലെ ഉത്തരവുപ്രകാരം ഈ ഭൂമി കൈവശക്കാർക്ക് പതിച്ചു നൽകി ആഗസ്റ്റ് മാസത്തിൽ പട്ടയം നൽകാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. കുട്ടമ്പുഴ വില്ലേജ് ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ ഉൾപ്പെട്ടിരുന്നതും 01-01-1997-ൽ എറണാകുളം ജില്ലയിലേയ്ക്ക് കൂട്ടിച്ചേർത്തതുമാണ്. പ്രസ്തുത പ്രദേശം ഹിൽ ട്രാക്ട് ഏരിയയായി പ്രഖ്യാപിക്കാനുള്ള നിർദ്ദേശം റവന്യൂ വകുപ്പിന് കിട്ടിയിട്ടില്ല. ഈ വിഷയം പരിശോധിച്ച് സഹായകരമായ തീരുമാനമെടുക്കുന്നതാണ്.

(24) തേർത്തല്ലി മേരിഗിരി ഹൈസ്ക്കൂളിൽ പ്ലസ് ടു കോഴ്സ്

ശ്രീ. കെ. സി. ജോസഫ്: ഇരിക്കൂർ മണ്ഡലത്തിലെ ആറ് ഹൈസ്ക്കൂളുകളിൽ പ്ലസ് ടൂ കോഴ്സ് ആരംഭിക്കാൻ അനുവാദം നൽകിയ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ ആലക്കോട് പഞ്ചായത്തിലെ തേർത്തല്ലി മേരിഗിരി ഹൈസ്ക്കൂളിൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്ലസ് ടു കോഴ്സ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സംസ്ഥാനത്ത് പുതിയ ഹയർ സെക്കണ്ടറി സ്ക്കൂളുകൾ അനുവദി

ക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച കമ്മിറ്റി ശുപാർശ ചെയ്ത സ്ക്കൂളുകൾക്ക് കൃത്യമായ മാനദണ്ഡപ്രകാരമാണ് അനുമതി കൊടുത്തിട്ടുള്ളത്. ആലക്കോട് പഞ്ചായത്തിൽ നിലവിൽ ഒരു ഹയർ സെക്കണ്ടറി സ്ക്കൂളുള്ളതിനാൽ തേർത്തല്ലി മേരിഗിരി ഹൈസ്ക്കൂളിന്റെ പേര് ഈ കമ്മിറ്റി ശുപാർശ ചെയ്തിട്ടില്ല.

(25) <u>ഷാജിയെ പോലീസ് മർദ്ദിച്ച സംഭവം</u>

<u>ശ്രീ. കെ.പി. മോഹനൻ</u>: സുഹൃത്തുകളെ പോലീസ് മർദ്ദിച്ചതിനെ ചോദ്യം ചെയ്ത പൂക്കോട് തൃക്കണ്ണാപുരം വടക്കേപറമ്പത്ത് ഷാജിയെ മർദ്ദിച്ചതിനുത്തരവാദികളായ പോലീസുകാർക്കെതിരെ കർശനനടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): 25-7-2010-ന് രാത്രി പാനൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മാക്കുനിയിൽ മദ്യപിച്ച് അടിപിടിയുണ്ടാക്കിയ രണ്ടുപേരെ പോലീസ് അറസ്റ്റ് ചെയ്യുകയും കേസ് രജിസ്റ്റർ ചെയ്ത് മെഡിക്കൽ പരിശോധനയ്ക്കുശേഷം ജാമ്യത്തിൽ വിടുകയും ചെയ്തിട്ടുണ്ട്. കസ്റ്റഡിയിലെടുത്തവരെ തിരക്കി പോലീസ് സ്റ്റേഷനിലെത്തിയ ഷാജി ഡ്യൂട്ടിയിലേർപ്പെട്ടിരുന്ന പോലീസ് ഉദ്യോഗസ്ഥരെ അസഭ്യം പറയുകയും ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കസ്റ്റഡിയിലെടുക്കുകയും റിമാന്റ് ചെയ്യുകയുമുണ്ടായി. ഷാജിക്ക് മർദ്ദനമേറ്റതായ പരാതി ലഭിച്ചിട്ടില്ല.

(26) <u>നിയമസഭാ മാർച്ചിനുനേരെയുണ്ടായ പോലീസ് അതിക്രമം</u>

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: 2010 ജൂലൈ മാസം 26-ാം തീയതി മൂന്ന് ശതമാനം തൊഴിൽ സംവരണം ആവശ്യപ്പെട്ടുകൊണ്ട് ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് പ്രവർത്തകർ നടത്തിയ നിയമസഭാ മാർച്ചിനുനേരെയുണ്ടായ പോലീസ് അതിക്രമത്തെക്കുറിച്ച് അന്വേഷിക്കുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ബന്ധപ്പെട്ട വകുപ്പുമന്ത്രി സംഘടനാ നേതാക്കളുമായി ചർച്ച നടത്തി പ്രശ്നത്തിന് അടിയന്തിരപരിഹാരം കാണുകയും ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): 26-07-2010-ന് ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് പ്രവർത്തകർ നിയമസഭയിലേയ്ക്ക് നടത്തിയ മാർച്ച് പോലീസ് തടയുകയും പ്രവർത്തകർ ഗതാഗത തടസ്സമുണ്ടാക്കിയതിനെത്തുടർന്ന് മുപ്പത്തിയഞ്ചോളം പേരെ അറസ്റ്റ് ചെയ്യുകയും ശാരീരിക അസ്വസ്ഥതയുണ്ടായ ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും മറ്റുള്ളവരെ ജാമ്യത്തിൽ വിട്ടയയ്ക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് മാർച്ച് തടഞ്ഞ അവസരത്തിൽ ബലപ്രയോഗം നടത്തിയിട്ടില്ലെന്നുള്ള റിപ്പോർട്ടാണ് കിട്ടിയിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് പ്രത്യേകം പരിശോധിക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>): മുഖ്യമന്ത്രി തന്നെ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ നേതൃത്വവുമായി ചർച്ച നടത്തുകയും അവർക്ക് നഷ്ടപ്പെട്ട ആനുകൂല്യം കൊടുക്കാനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് നൽകുകയും

ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് ബ്ലൈൻഡിന്റെ നിയമനം പി.എസ്.സി.-ക്ക് വിടുകയും 2004 മുതലുള്ള ബാക്ക്ലോഗ് നികത്താൻ തീരുമാനമെടുക്കുകയും അതിനാവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2008-09-ൽ ബ്ലൈൻഡായ 75 പേരെ പി.എസ്.സി. വഴി നിയമിച്ചതിനു പുറമേ സഹകരണവകുപ്പിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമുൾപ്പെടെ ഇവർക്ക് അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുമുണ്ട്. പോലീസ് ഉദ്യോഗസ്ഥരുൾപ്പെടെ സംസ്ഥാനത്ത് ആകെ നടക്കുന്ന നിയമനത്തിന്റെ മൂന്ന് ശതമാനത്തിൽ ഒരു ശതമാനം ഇവർക്കായി മാറ്റി വയ്ക്കണമെന്ന ആവശ്യം ചില മേഖലകളിൽ ഇവർക്ക് സേവനം നൽകാൻ സാധിക്കില്ല എന്നതുകൊണ്ട് പരിഗണിക്കാൻ നിർവ്വാഹമില്ല. കേന്ദ്ര നിയമമനുസരിച്ച് 1:1:1 എന്ന തോതിൽ പി.എസ്.സി. മുഖേന നിയമനം നടത്തിക്കഴിഞ്ഞിട്ടുണ്ട്. അവരുടെ ആവശ്യം ന്യായമാണോയെന്ന് ഇനിയും പരിശോധിക്കാവുന്നതാണ്. ഈ പ്രശ്നം അവരുമായി ചർച്ച ചെയ്യുന്നതിന് ഗവൺമെന്റിന് തടസ്സമില്ല.

(27) <u>കലാ-സാംസ്ക്കാരിക സർവ്വകലാശാല</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സംസ്ഥാനത്ത് ഇരിഞ്ഞാലക്കുട ആസ്ഥാനമാക്കി കലാ-സാംസ്ക്കാരിക സർവ്വകലാശാലയും ഗവേഷണ കേന്ദ്രവും ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. എ. ബേബി</u>): സംസ്ഥാനത്ത് ഇപ്പോൾ തന്നെ കേരള കലാമണ്ഡലം എന്ന ഒരു സാംസ്ക്കാരിക സർവ്വകലാശാലയുണ്ട്. ഇരിഞ്ഞാലക്കുടയിലുള്ള ഉണ്ണായിവാര്യർ കലാമണ്ഡലം ഉൾപ്പെടെയുള്ള

പഠനകേന്ദ്രങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്താനാവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊള്ളുന്നതാണ്.

(28) മട്ടാഞ്ചേരി ചേരി നിർമ്മാർജ്ജനം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: മട്ടാഞ്ചേരിയിലെ ചേരി നിവാസികൾ താമസിച്ചിരുന്ന അസ്റാജ് ബിൽഡിംഗ് ഇടിഞ്ഞുവീണ സ്ഥലത്ത് 30 സെന്റിൽ ബഹുനിലകെട്ടിടം പണിയാനുള്ള നടപടികൾ ആരംഭിക്കുകയുണ്ടായി. ഇത് മോണിറ്ററിംഗ് നടത്താൻ ജില്ലാ ഭരണകൂടത്തിന് കർശന നിർദ്ദേശം കൊടുക്കണം. ഇടിഞ്ഞുവീഴാറായ മഹാജനവാടി പോലുള്ള ചേരി പ്രദേശങ്ങൾക്കുകൂടി ഒരു പദ്ധതി തയ്യാറാക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ബി.എസ്.യു.പി. രണ്ടാംഘട്ട പദ്ധതിയിൽ അസ്റാജ് ബിൽഡിംഗിൽ താമസിക്കുന്ന 36 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള കൊച്ചി നഗരസഭയുടെ പദ്ധതിക്ക് 2007 ഡിസംബറിൽ അനുമതി ലഭിക്കുകയും ബഹുനില വീട് നിർമ്മാണത്തിന് 55.22 ലക്ഷം രൂപയും അടിസ്ഥാനസൗകര്യ വികസനത്തിന് 39.4 ലക്ഷം രൂപയും കേന്ദ്ര സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2009-ലെ കണക്കുപ്രകാരം പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി 144 ലക്ഷം രൂപ വേണ്ടി വരും. ബി.എസ്.യു.പി. വ്യവസ്ഥ പ്രകാരം അധികം വരുന്ന തുക നഗരസഭകൾ തന്നെ വഹിക്കണം. ഈ തുക കണ്ടെത്തുന്നതിനുള്ള ശ്രമം കൊച്ചി നഗരസഭ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി സർക്കാർ അനുവദിച്ചിട്ടുള്ള 30 സെന്റ് വസ്തുവിന്റെ കൈവശാവകാശം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചു വരുന്നു. നഗരപ്രദേശങ്ങളുടെ ചേരി വികസനത്തിനായി കേന്ദ്ര സർക്കാർ

പ്രഖ്യാപിച്ചിട്ടുള്ള രാജീവ് ആവാസ് യോജനയിൽ മഹാജനവാടി, ആലിൻചു വടുപറമ്പ് എന്നീ ചേരികൾ കൂടി ഉൾപ്പെടുത്താനുള്ള സാധ്യത പരിശോധി ക്കുന്നതാണ്.

(29) കന്നുകാലി വ്യാപാര രംഗത്തെ പ്രശ്നങ്ങൾ

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: കന്നുകാലി വ്യാപാര മേഖലയിലെ ചന്ത കളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കണം. അയൽ സംസ്ഥാനങ്ങളിൽ നിന്ന് കന്നുകാലികളെ കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന മാഫിയാ സംഘങ്ങളുടെ ഉപദ്രവങ്ങളിൽ നിന്ന് ഇവരെ സംരക്ഷിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): അയൽസംസ്ഥാനങ്ങളിൽ നിന്ന് കന്നുകാലികളെ കൊണ്ടുവരുമ്പോൾ സാമൂഹിക വിരുദ്ധരുടെ ആക്രമണം അടക്കം നിരവധി ബുദ്ധിമുട്ടു കളുണ്ടെങ്കിലും മുഖ്യമായും സംസ്ഥാനത്തിന് പുറത്തുവച്ച് സംഭവിക്കുന്നതി നാൽ ഇടപെടുന്നതിന് സർക്കാരിന് പരിമിതികളുണ്ട്.. രോഗബാധിതരായ കന്നുകാലികളുടെ അനിയന്ത്രിതവും നിയമവിരുദ്ധവുമായ കടത്ത് തടയുന്ന തിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. നവീനരീതിയിലുള്ള അറവു ശാലകൾ സ്ഥാപിക്കുന്നതിന് നഗരസഭകൾക്ക് മൂലധനച്ചെലവിന്റെ 50 ശതമാനവും ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 10 ലക്ഷം രൂപയോ മൂല ധനച്ചെലവിന്റെ 50 ശതമാനം തുകയോ സർക്കാരിൽ നിന്ന് സാമ്പത്തിക സഹായമായി ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(30) വിഷ ചികിത്സകർക്കുള്ള ഗ്രാന്റ്

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സംസ്ഥാനത്തെ വിഷ വൈദ്യന്മാർക്ക് നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : സംസ്ഥാനത്തെ വിഷ വൈദ്യന്മാർക്ക് നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(31) മൊത്ത വ്യാപാര മാർക്കറ്റ് റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. ബാബു പോൾ : മൂവാറ്റുപുഴ മൊത്ത വ്യാപാര മാർക്കറ്റിലെ റോഡുകളുടെ പുനരുദ്ധാരണത്തിനാവശ്യമായ ഭരണാനുമതി നല്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : മൂവാറ്റുപുഴ മൊത്ത വ്യാപാര മാർക്കറ്റിലെ റോഡ് ടാർ ചെയ്ത് നന്നാക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റി 17,26,000 രൂപയ്ക്കുള്ള ഭരണാനുമതി നൽകുകയും കൃഷിവകുപ്പ് ഡയറക്ടർ നൽകിയ അപേക്ഷയനുസരിച്ച് സർക്കാർ ആവശ്യപ്പെട്ടിരുന്ന അധികവിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക മാർക്കറ്റ് ഫണ്ടിൽനിന്ന് ചെലവഴിക്കാൻ ആവശ്യമായ സർക്കാർ ഉത്തരവ് നൽകാൻ കഴിയുമെന്നാണ് കരുതുന്നത്.

(32) ഡാമിൽ മുങ്ങി മരിച്ച ഷാജിയുടെയും വാഹനാപകടത്തിൽ മരിച്ച ബന്ധുക്കളുടെയും കുടുംബത്തിന് ധനസഹായം

ശ്രീ. ബി. രാഘവൻ : ഡാമിൽ മുങ്ങിമരിച്ച നെടുവത്തൂർ നിയോജക മണ്ഡലത്തിലെ കരീപ്ര-കോട്ടേക്കുന്ന് കോളനിയിലെ താമസക്കാരനും നിർമ്മാണത്തൊഴിലാളിയുമായിരുന്ന ഷാജിയുടെയും മരണ വാർത്തയന്വേഷിച്ച് പോയി വാഹനാപകടത്തിൽ മരണപ്പെട്ട ബന്ധുക്കളുടെയും കുടുംബത്തിന് ധനസഹായം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഡാമിൽ മുങ്ങി മരിച്ച ഷാജിയുടെയും വാഹനാപകടത്തിൽ മരിച്ച ബന്ധുക്കളുടെയും കുടുംബത്തിന് മാനദണ്ഡം അനുസരിച്ചുള്ള ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. മന്ത്രിസഭായോഗത്തിൽ ചർച്ചചെയ്ത് കൂടുതൽ സഹായം നൽകാൻ കഴിയുമോയെന്ന് ആലോചിക്കാം.

(33) പാലക്കാട് ശബരി ആശ്രമത്തിന്റെ ശോച്യാവസ്ഥ

ശ്രീ. ടി. എൻ . പ്രതാപൻ : പാലക്കാട് ജില്ലയിലെ അകത്തേത്തറയിൽ പ്രവർത്തിക്കുന്ന ശബരി ആശ്രമത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ടൂറിസം വകുപ്പിന്റെയും സാമൂഹ്യക്ഷേമ വകുപ്പിന്റെയും സഹായത്തോടു കൂടി ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ചരിത്ര-പൈതൃക കേന്ദ്രമായ പാലക്കാട് അകത്തേത്തറയിലുള്ള ശബരി ആശ്രമത്തെ ഹെറിറ്റേജ് ടൂറിസം പദ്ധതിയി ലുൾപ്പെടുത്തി നവീകരിക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

(34) പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ

ശ്രീ. റോഷി അഗസ്റ്റിൻ : ഇടുക്കി ജില്ലയിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ/ഓർഡിനറി ബസ്സുകൾ ഫാസ്റ്റ് പാസഞ്ചറായി മാറ്റിയിരി ക്കുന്നതിനാലും കെ.എസ്.ആർ.ടി.സി. സർവ്വീസ് ഇല്ലാത്തതിനാലും അനുഭവപ്പെടുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് ഓർഡിനറി ബസ്സുകൾ അനുവദിക്കാനും വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകാനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): 2003-ലെ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സ്വകാര്യ/ഓർഡിനറി സർവ്വീസുകൾ ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളാക്കി മാറ്റുന്നത്. ഓർഡിനറി സർവ്വീസ്സുകൾ ഫാസ്റ്റ് പാസഞ്ചർ സർവീസുകളാക്കി മാറ്റുന്നതുകൊണ്ട് വിദ്യാർത്ഥികൾക്ക് കൺസഷൻ ലഭിക്കുന്നില്ല. ഇടുക്കി ജില്ലയിലെ സ്ഥിതി പരിഗണിച്ച് കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകൾ ഓടുന്ന റൂട്ടുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ക്രമപ്രശ്നം**

ധനകാര്യ വകുപ്പുമന്ത്രി
സഭയ്ക്ക് പുറത്ത് നടത്തിയ പരാമർശം

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : ഇന്നലെ (27-07-2010) ധനവിനിയോഗബില്ലിനെക്കുറിച്ച് നടന്ന ചർച്ചാവേളയിൽ ശ്രീ.വി.ഡി. സതീശൻ എഴുതിക്കൊടുത്ത് ഉന്നയിച്ച അഴിമതി ആരോപണങ്ങളെല്ലാം ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ നിഷേധിക്കുകയാണുണ്ടായത്. കേന്ദ്ര നിയമവും കോടതിവിധിയുമാണ് ലോട്ടറി സംബന്ധിച്ച് എടുത്ത തീരുമാനങ്ങൾക്കെല്ലാം ആധാരമെന്നും ഇതിൽ ഒരു തലത്തിലും വീഴ്ചകളുണ്ടായിട്ടില്ലാത്തതിനാൽ അന്വേഷണം സാധ്യമല്ലെന്ന നിലപാട് സഭയിൽ സ്വീകരിച്ചതിന് വിരുദ്ധമായി ഉദ്യോഗസ്ഥതലത്തിൽ വന്നിട്ടുള്ള വീഴ്ചയെക്കുറിച്ച് വകുപ്പുതല അന്വേഷണം നടത്തുമെന്ന് മന്ത്രി പുറത്ത് പറഞ്ഞതിന്റെ സാഹര്യം വ്യക്തമാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്ന് അന്വേഷിക്കേണ്ടത് സർക്കാരിന്റെ

ചുമതലയാണ്. അഡ്വാൻസായി വാങ്ങേണ്ട നികുതി ലോട്ടറി സീരീസ് ആരംഭിച്ച മാസമാണ് വാങ്ങിയത്. കാലതാമസം വന്ന കാലയളവിലേയ്ക്ക് 24 ശതമാനം പലിശ ഈടാക്കി വാങ്ങിക്കണമെന്നുള്ളതാണ് നിയമത്തിലെ വ്യവസ്ഥ. ഭൂട്ടാൻ രജിസ്ട്രേഷന് അഡ്വാൻസ് ടാക്സ് സ്വീകരിക്കാത്തതിനാൽ ലോട്ടറി പ്രൊമോട്ടർ കോടതിയെ സമീപിക്കുകയും പിഴയോടുകൂടി സ്വീകരിക്കണമെന്ന കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടാക്സ് സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ പിഴ ഈടാക്കിയിട്ടുണ്ടോയെന്നാണ് അന്വേഷിക്കുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ട്രെയിനിംഗ് പ്രോഗ്രാമിലായതുകൊണ്ട് ഇത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ട്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റി ഇരുപത്തിയാറ് മുതൽ നൂറ്റി മുപ്പത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(5) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(6) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

<u>2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും</u>

2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

<u>ശ്രീ. കെ. ശിവദാസൻ നായർ :</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2003-ൽ പാസ്സാക്കിയ ആക്ടിലെ വ്യവസ്ഥ പ്രകാരം കാർഷിക ഗ്രാമവികസന ബാങ്ക് ഗ്യാരന്റി കമ്മീഷൻ തുകയായ 124 കോടിരൂപ അടയ്ക്കാനുണ്ടെന്ന് സർക്കാരിന് നോട്ടീസ് കൊടുത്തപ്പോൾ പ്രസ്തുത തുക ഇന്ററസ്റ്റ് ഫ്രീ ലോൺ ആയി ബാങ്കിന് കൊടുത്തതായും പണം അവർ അടച്ചതായുള്ള രേഖയുണ്ടാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇത് ഒരു സഹകരണസ്ഥാപനത്തെ നശിപ്പിക്കാനേ ഉപകരിക്കുകയുള്ളൂ. കഴിഞ്ഞ നാലുവർഷമായി ഇവിടെ ഭൂ മാഫിയ തഴച്ചുവളരുകയാണ്. മൂന്നാർ ഭൂമി കയ്യേറ്റം തടയാനോ യഥാർത്ഥ കയ്യേറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനോ കഴിഞ്ഞിട്ടില്ല. ടാറ്റയുടെ കൈവശമുള്ള അധികഭൂമി ഏറ്റെടുക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പാരമ്പര്യേതര ഊർജ്ജ ഉൽപാദനത്തിന്റെ മറവിൽ ആദിവാസികളെ ഇറക്കിവിട്ട് അവരുടെ വസ്തുവകകൾ സ്വകാര്യകമ്പനികൾ കൈക്കലാക്കുന്നത് ബന്ധപ്പെട്ടവർ അറിഞ്ഞില്ലെന്നുപറയുന്നത് വിശ്വാസിക്കാനാകില്ല. സർക്കാരിന്റെ വിൻഡ് എനർജി പോളിസിക്ക് വിധേയമായി അനെർട്ടിന്റെ സാങ്കേതികാനുമതിയോടുകൂടിയാണ് കാറ്റാടി യന്ത്രങ്ങൾ

സ്ഥാപിച്ചതെന്നും അതിനായി സ്ഥലം സ്വകാര്യകമ്പനി വിലകൊടുത്ത് വാങ്ങിയതാണെന്നുമുള്ള വിവരം അനെർട്ടിനേയും വൈദ്യുതിവകുപ്പിനേയും യഥാസമയം അറിയിച്ചിരുന്നുവെന്നും കമ്പനി അവകാശപ്പെടുന്നു. എഴുപതോളം ക്രയവിക്രയങ്ങൾ ഒരേ സർവ്വേനമ്പരിൽ നാലുവർഷത്തിനുള്ളിൽ കോട്ടത്തറ വില്ലേജ് കേന്ദ്രീകരിച്ച് നടന്നിരിക്കുന്നു. കോട്ടത്തറ വില്ലേജിൽ 110 ഏക്കറും അഗളി-ഷോളയാർ വില്ലേജിൽ 75 ഏക്കറും സ്വകാര്യകമ്പനികൾ കൈവശപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ആദിവാസി ഭൂമിയും വനഭൂമിയും റവന്യൂ പുറമ്പോക്കുഭൂമിയും ഉൾപ്പെട്ടിട്ടുണ്ട്. ജില്ലാകളക്ടറുടെ ഉത്തരവനുസരിച്ച് സീനിയോറിറ്റി മുറയ്ക്ക് 8 സർക്കാർ ക്വാർട്ടേഴ്സുകൾ അനുവദിച്ചപ്പോൾ സ്പെഷ്യൽ ഓർഡർ വഴി 516 ക്വാർട്ടേഴ്സുകൾ അനുവദിച്ചത് സംബന്ധിച്ച് വ്യക്തമാക്കണം.

<u>ശ്രീ. കെ.ടി. ജലീൽ</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലോട്ടറി മാഫിയയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ലോട്ടറികളുടെ നിയമലംഘനത്തിനെതിരെ വിജിലൻസ് അന്വേഷണം പ്രഖ്യാപിക്കുകയും ചെയ്ത ഗവൺമെന്റാണിത്. അന്യസംസ്ഥാന ലോട്ടറികളെ നിരോധിക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിന് നൽകുന്നതിന് അനുകൂലമായ നടപടി സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റിന് സാധിച്ചിട്ടില്ല. അതിവിദഗ്ധമായ ധനകാര്യമാനേജുമെന്റാണ് സംസ്ഥാനത്ത് നടക്കുന്നത്. ട്രഷറി ബാൻ ഇല്ലാതാക്കി. ദുർബ്ബല ജനവിഭാഗങ്ങളുടെ ക്ഷേമത്തിനും നാടിന്റെ വികസനത്തിനുമായി ദീർഘവീക്ഷണവും പുരോഗമനപരവുമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. പി.സി. ജോർജ് : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൂട്ടുത്തരവാദിത്വമില്ലാത്ത ഒരു ഗവൺമെന്റാണ് ഇവിടെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. മുസ്ലീം സമുദായത്തിനുള്ളിൽ വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്നതിനും മുസ്ലീം സമുദായത്തെ അപമാനിക്കുന്നതിനുംവേണ്ടിയാണ് ഇടതുപക്ഷ പാർട്ടിനേതൃത്വവും ഭരണനേതൃത്വവും ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മാറാട് കലാപമുണ്ടായപ്പോൾ മതസൗഹാർദ്ദം നിലനിറുത്താൻ മുസ്ലീംലീഗ് അവസരോചിതമായ ഇടപെടൽ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് മതസൗഹാർദ്ദം നിലനിർത്താൻ പ്രതിപക്ഷകക്ഷികൾ അങ്ങേയറ്റം പരിശ്രമിക്കും. തീവ്രവാദപ്രവർത്തനങ്ങൾക്ക് കൂട്ടുനിൽക്കുന്നവരെ നിയമനടപടികൾക്ക് വിധേയമാക്കണം. തീവ്രവാദത്തിന്റെ പേരിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ശ്രമിക്കരുത്. ഗവൺമെന്റിന്റെ അനുവാദമില്ലാതെ യൂണിവേഴ്സിറ്റികളിൽ സ്ഥിരം നിയമനം നടത്താൻ പാടില്ലെന്നിരിക്കെ പുതിയതായി ആരംഭിച്ച മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ ഉയർന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടുള്ളത് നിയമവിധേയമാണോയെന്ന് പരിശോധിക്കണം. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. റിയൽ എസ്റ്റേറ്റ് മാഫിയയ്ക്ക് കൂട്ടുനിൽക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. വിദ്യാഭ്യാസമേഖലയെ നശിപ്പിക്കുക മാത്രമല്ല സ്വാശ്രയകോളേജ് മാനേജ്മെന്റിനുവേണ്ടി വഴിവിട്ട പ്രവർത്തനമാണ് ഇവിടെ നടക്കുന്നത്.

ശ്രീ. വി.എസ്. സുനിൽകുമാർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് സംസ്ഥാനത്ത് നിലനിന്നിരുന്ന ഭരണസ്തംഭനാവസ്ഥയ്ക്ക് അറുതിവരുത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യ

ഇല്ലാതാക്കുന്നതിനും വിലവർദ്ധനവ് കുറയ്ക്കുന്നതിനും നടപടി സ്വീകരിച്ചു. വിവിധ മേഖലകളിൽ നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങളിലൂടെ പാവപ്പെട്ട വരെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനും കഴിഞ്ഞു. ബഹുരാഷ്ട്ര കുത്തകളെ സഹായിക്കുന്ന സമീപനമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരി ച്ചത്. രാജ്യത്ത് നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം താറുമാറാക്കിയത് കേന്ദ്ര സർക്കാരാണ്. വൻകിട കോർപ്പറേറ്റുകൾക്ക് കോടികളുടെ നികുതിയിളവ് നൽകിയ കേന്ദ്ര സർക്കാർ പാവപ്പെട്ടവർക്ക് സബ്സിഡിയിനത്തിൽ നാമമാത്രമായ ഇളവുകൾ മാത്രമാണ് പ്രഖ്യാപിച്ചത്. 35 ലക്ഷം പാവപ്പെട്ട കുടുംബങ്ങൾക്ക് കിലോയ്ക്ക് രണ്ട് രൂപയ്ക്ക് അരി വിതരണം ചെയ്യാനും കർഷകത്തൊഴിലാളി പെൻഷൻ 300 രൂപയാക്കി വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ച ഗവൺമെന്റാണിത്.

ശ്രീ. സി.ടി. അഹമ്മദ് അലി: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിലവർദ്ധനവ്, തീവ്രവാദം, തൊഴിലില്ലായ്മ, അഴിമതി, കാർഷികരംഗത്തെ തകർച്ച തുടങ്ങി സംസ്ഥാനം ഗുരുതരമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കു മ്പോഴും അത് നേരിടാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ സർക്കാർ പരാജയപ്പെടുകയാണുണ്ടായത്. കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട ഫണ്ട് ഭരണ-പ്രതിപക്ഷ കക്ഷിഭേദമെന്യേ യോജിച്ചുപ്രവർത്തിച്ച് പൂർണ്ണമായും നേടിയെടുക്കേണ്ടതാണ്. സംസ്ഥാനത്തെ റവന്യൂ കമ്മി കുറയ്ക്കാൻ സാധിക്കാതെ പോയത് ധനകാര്യ മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയ്ക്ക് തെളിവാണ്. അന്യ സംസ്ഥാന ലോട്ടറികളുടെ പേരിലുള്ള അഴിമതിവിവാദങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ യാതൊരു നടപടിയും സ്വീകരിച്ചില്ല. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിലൂടെ സംസ്ഥാന സർക്കാരിനു ലഭിച്ച അധിക നികുതിവരുമാനം വേണ്ടെന്നു വയ്ക്കാൻ തയ്യാറാകണം. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ വിമർശനത്തിനു പോലും വിധേയമാകുംവിധം പദ്ധതിയിനത്തിൽ മാറ്റിവച്ച തുക പൂർണ്ണമായും ചെലവാക്കാൻ സാധിച്ചില്ല. ലോട്ടറി നികുതിയുൾപ്പെടെയുള്ള നികുതികളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നില്ല. തൊഴിലില്ലായ്മ രൂക്ഷമാകുന്ന അവസരത്തിലും ആളോഹരി പൊതുകടം 70,017 കോടി രൂപയായി ഉയരുകയാണുണ്ടായത്. പ്രധാനപ്പെട്ട മലയോരമേഖലകളിൽ ഹിൽഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണം. നവംബറിൽ ആരംഭിക്കുന്ന കെ.എസ്.ടി.പി. റോഡ് നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള ഫണ്ടിനെ സംബന്ധിച്ച് വ്യക്തത ഉറപ്പുവരുത്തണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എം.ഡി.ആർ. ആയി ഉയർത്തി നിർമ്മാണപ്രവർത്തനം ആരംഭിച്ച ഏതാനും റോഡുകൾ വീണ്ടും ഒ.ഡി.ആർ. ആക്കിയതിനാൽ വികസന പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. പ്രസ്തുത റോഡുകൾ എം.ഡി.ആർ. ആയി ഉയർത്തി അവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തണം. സ്ക്കൂളുകളില്ലാത്ത സ്ഥലങ്ങളിൽ സ്ക്കൂളുകൾ ആരംഭിക്കാനും അപ്ഗ്രേഡ് ചെയ്യേണ്ടവ അപ്ഗ്രേഡ് ചെയ്യാനും നടപടി സ്വീകരിക്കണം. സച്ചാർ കമ്മിറ്റി റിപ്പോർട്ടും പാലോളി കമ്മിറ്റി റിപ്പോർട്ടും പ്രാവർത്തികമാക്കണം. കർഷകരെ സംരക്ഷിക്കാൻ നാളികേരത്തിനും കൊപ്രയ്ക്കും 150 രൂപയിൽ കുറയാത്ത താങ്ങുവില പ്രഖ്യാപിക്കണം. അടയ്ക്കാ കർഷകർ എടുത്ത വായ്പകൾക്ക് നിശ്ചിത സമയത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണം. എല്ലാ ജില്ലകളിലും

ഗവൺമെന്റ് നിശ്ചയിച്ച വിലയ്ക്ക് നെല്ല് സംഭരിക്കാനും സംഭരണവില ഉയർത്താനും നടപടി സ്വീകരിക്കണം. മുടങ്ങിക്കിടക്കുന്ന റോഡുകളുടേയും പാലങ്ങളുടേയും കെട്ടിടങ്ങളുടേയും നിർമ്മാണപ്രവർത്തനങ്ങളാരംഭിക്കണം. രഹസ്യാന്വേഷണ വിഭാഗത്തെ ശക്തിപ്പെടുത്തി മതതീവ്രവാദശക്തികളെ അമർച്ച ചെയ്യണം.

ശ്രീ. മുരളി പെരുനെല്ലി : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇൻഡ്യയ്ക്കുതന്നെ മാതൃകയാക്കാൻ കഴിയുന്നതാണ് ഈ സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റ്. യു. ഡി. എഫ്. ഭരണകാലത്ത് ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിയാത്തവർ ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നല്ല കാര്യങ്ങളെ കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. വിവിധ ക്ഷേമ പെൻഷനുകൾ, സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത, കരാറുകാർക്ക് കൊടുക്കാനുള്ള തുക എന്നിവ കുടിശ്ശികയാക്കുകയും റവന്യൂ കമ്മിയും കട ബാദ്ധ്യതയും വരുത്തുകയും കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിക്കുകയും പൊതുമേഖലാ വ്യവസായങ്ങളെ നഷ്ടത്തിലാക്കുകയും ചെയ്ത യു.ഡി.എഫ് ഗവൺമെന്റ് ദീർഘവീഷണമില്ലാതെ ധനം വിനിയോഗിക്കുകയും സമ്പന്നർക്കും പ്രമാണിമാർക്കും മാഫിയകൾക്കും പെൺവാണിഭക്കാർക്കും ഒത്താശ ചെയ്തുകൊടുക്കുകയുമാണുണ്ടായത്. എൽ. ഡി. എഫ്. ഗവൺമെന്റ് ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുകയും കുടിശ്ശികകൾ കൊടുത്തുതീർക്കുകയും ട്രഷറി ബാൻ ഇല്ലാതാക്കുകയും റവന്യൂ കമ്മിയും കടബാദ്ധ്യതയും കുറയ്ക്കുകയും 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി കൊടുക്കുകയും പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളെ ലാഭകരമാക്കുകയും കർഷക ആത്മഹത്യ ഇല്ലാതാക്കുകയും കൃഷി വർദ്ധിപ്പിക്കുകയും

ചെയ്തു. ലോട്ടറി മാഫിയയെയും ചൂതാട്ടക്കാരെയും നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചു. കേരളത്തിന്റെ ഐക്യവും മതനിരപേക്ഷതയും തകർക്കുന്ന നിലപാടിൽനിന്നും കോൺഗ്രസ്സുകാർ പിൻതിരിയണം.

ശ്രീ. വി. ചെന്താമരാക്ഷൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നാലുവർഷത്തെ എൽ.ഡി.എഫ്. ഭരണം സംസ്ഥാനത്തിന്റെ സമസ്തമേഖല യിലും പുരോഗതിയുണ്ടാക്കിയിട്ടുണ്ട്. ക്ഷേമപെൻഷനുകൾ കുടിശ്ശികയി ല്ലാതെ കൊടുത്തുതീർക്കാനും കാർഷിക-വ്യാവസായിക മേഖലകൾ ശക്തമാക്കാനും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഈ ഗവൺമെന്റിന് കഴിഞ്ഞു. എല്ലാ നിയോജകമണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. കേരളത്തിൽ വളർന്നുവരുന്ന മതതീവ്രവാ ദത്തെ തടഞ്ഞുനിർത്താനാവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിന്റെ പൊതുവായ വികസനത്തിന് പ്രയോജനപ്രദമാകുന്ന കൊച്ചിയിലെ മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കണം. കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുക യാണ്. ലോട്ടറിമാഫിയയെക്കുറിച്ച് അന്വേഷണം നടത്തുകയും ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സ്മാർട്ട് സിറ്റി, സാറ്റലൈറ്റ് സിറ്റി, മൂന്നാർ ഭൂമി ഏറ്റെടുക്കൽ, വിഴിഞ്ഞം പദ്ധതി, സ്വാശ്രയ നിയമം തുടങ്ങിയവ നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. കൊക്കകോള, കിനാലൂർ, ദേശീയപാത തുടങ്ങിയ വിഷയങ്ങ ളിൽ അഭിപ്രായഐക്യം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര സർക്കാരിനെ സ്ഥാനത്തും അസ്ഥാനത്തും വിമർശിക്കുന്ന സംസ്ഥാന സർക്കാർ കേന്ദ്രം അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടിരിക്കു

കയാണ്. സംസ്ഥാനത്തെ ചെറുതും വലുതുമായ നഗരങ്ങളുടെ അസൗകര്യം കാരണം നഗരത്തിലെ റോഡുകൾ പാർക്കിംഗ് സെന്ററുകളായി തീർന്നിരിക്കുന്നത് പരിഹരിക്കാൻ കേന്ദ്രാവിഷ്ക്കരണ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണം. എം.എൽ.എ.-മാർ ആവശ്യപ്പെടാത്തതും ജില്ലാകളക്ടർ നിർദ്ദേശിക്കാത്തതുമായ പദ്ധതികൾ അനുവദിക്കുന്നതിൽ നിന്നും സർക്കാർ പിന്മാറണം. അടിസ്ഥാന മേഖലയിൽ വികസനപ്രവർത്തനങ്ങൾ നടത്തണം. പരിസ്ഥിതിയേയും പ്രകൃതിയേയും ബാധിക്കുന്നവിധം കണ്ണൂരിലെ കണ്ടൽക്കാടുകൾ വെട്ടിത്തെ ളിക്കുന്ന നടപടി അവസാനിപ്പിക്കണം. ഉദ്യോഗസ്ഥമേഖലയിൽ അഴിമതി ഇല്ലാതാക്കണം. പെരിങ്ങളം നിയോജകമണ്ഡലത്തിലെ വടക്കേക്കളം എസ്റ്റേറ്റിലെ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. തീവ്രവാദ പ്രവർത്തനങ്ങൾ തടയാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അന്യസംസ്ഥാന ലോട്ടറി അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തി യാഥാർത്ഥ്യം വ്യക്തമാക്കിയിട്ടുള്ളതാണ്. അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകിയിട്ടില്ല. ലോട്ടറി നിയന്ത്രണ നിയമത്തിലെ വ്യവസ്ഥയ്ക്കു വിരുദ്ധമായിട്ടുള്ള കാര്യങ്ങളാണ് ചട്ടത്തിലുള്ളത് ശക്തമായ ധനമാനേജ്മെന്റിലൂടെ കേരളത്തെ വികസനത്തി ലേയ്ക്ക് നയിക്കാൻ സർക്കാരിന് കഴിഞ്ഞു. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി വിജയകരമായി നടപ്പാക്കിയതിലൂടെ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കാനും നിരവധി കുടുംബങ്ങൾക്ക് തൊഴിൽ നൽകാനും സാധിച്ചു.

കൂലി ചെലവിനത്തിൽ കേരളത്തിന് ഒന്നാം സ്ഥാനത്തെത്താൻ കഴിഞ്ഞു. തീവ്രവാദപ്രവർത്തനങ്ങൾ തടയാൻ ശക്തമായ നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ് : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. മാനദണ്ഡങ്ങൾ മറികടന്നാണ് മലബാർ മേഖലയിൽ പ്ലസ് ടു സ്ക്കൂളുകൾ അനുവദിച്ചിരിക്കുന്നത്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ഗവൺമെന്റ് സ്കൂളുകൾക്കാണ് ഹയർ സെക്കണ്ടറി അനുവദിക്കാൻ നടപടി സീകരിച്ചിരുന്നത്. പ്ലസ് ടു കോഴ്സുകൾ അനുവദിച്ചതിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന ആരോപണത്തെ സംബന്ധിച്ച് അന്വേഷിക്കണം. 50 പുതിയ സ്വകാര്യ/സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ അനുവദിച്ച നടപടി അപലപനീയമാണ്. ഫീസ് സ്ട്രക്ച്ചറിന്റെ കാര്യത്തിലും മാറ്റമുണ്ടാക്കിയിരിക്കുകയാണ്. 2005-ൽ 50,000 രൂപ ഫീസ് ആയിരുന്ന സ്ഥാനത്ത് ഇപ്പോൾ 1,24,000 രൂപയും ഒന്നരലക്ഷം രൂപ ഡെപ്പോസിറ്റും കൊടുക്കേണ്ടുന്ന അവസ്ഥയിലെത്തിച്ചു. സ്വകാര്യ മാനേജുമെന്റുകളുമായി ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ വിദ്യാഭ്യാസ കച്ചവടം നടത്തി കൊള്ളലാഭം ഉണ്ടാക്കുകയാണ് ചെയ്യുന്നത്.

ശ്രീ. ബാബു എം. പാലിശ്ശേരി : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് എല്ലാ നിയോജകമണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകി. ഈ ഗവൺമെന്റിനെതിരെ ഒരു വിമർശനവും ഉന്നയിക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിൽ വൻ അഴിമതി നടത്തിയിരുന്നു. ഈ ഗവൺമെന്റ് അർഹതപ്പെട്ട സ്കൂളുകൾക്കെല്ലാം പ്ലസ് ടു കോഴ്സ് അനുവദിച്ചിട്ടുണ്ട്. സമസ്തമേഖലകളിലും

പുരോഗതി കൈവരിക്കാൻ കഴിഞ്ഞ നാലുവർഷത്തെ ഭരണംകൊണ്ട് സാധിച്ചു. മാറി മാറി അധികാരത്തിൽ വന്ന എൽ.ഡി.എഫ് .സർക്കാരുകളാണ് കേരളത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചത്. സാമ്പത്തികഭദ്രത ഉറപ്പാക്കുകയും വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്ത ഈ സർക്കാരിനെതിരെയുള്ള ദുഷ്പ്രചരണങ്ങൾ കേരളജനത മുഖവിലയ്ക്കെടുക്കുകയില്ല. അന്ധരായ ആളുകൾ നടത്തുന്ന സമരം അവസാനിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. മാത്യു ടി. തോമസ് :</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ വിവിധ പദ്ധതികൾക്കുവേണ്ടിയുള്ള ഉപധനാഭ്യർത്ഥനകളെ പ്രതിപക്ഷം എതിർക്കുന്നത് ശരിയല്ല. പ്രതിപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ ഏറ്റവുകൂടുതൽ വികസനപ്രവർത്തനങ്ങൾ നടന്ന കാലഘട്ടമാണിത്. ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ കാലഘട്ടത്തിലും വിഷൻ 2010, മാന്ദ്യവിരുദ്ധ പാക്കേജ് എന്നിവ നടപ്പിലാക്കാൻ ഈ സർക്കാരിന് സാധിച്ചു. ലോട്ടറി മാഫിയയ്ക്ക് അനുകൂലമായി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയത് കേന്ദ്ര സർക്കാരാണ്. ഭക്ഷ്യ വിതരണരംഗത്ത് പ്രതിവർഷം 24 കോടി രൂപ സബ്സിഡി നൽകിയിരുന്ന സ്ഥാനത്ത് ഈ സർക്കാർ 500-ലധികം കോടി രൂപയാണ് നൽകുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 93000 കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയും അതിൽ സ്ത്രീപങ്കാളിത്തം 88 ശതമാനം ആക്കുകയും ചെയ്തു. തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്ന കാര്യത്തിലും വെള്ളപ്പൊക്ക നിയന്ത്രണം, ചെറുകിട ജലസേചനം, ഭൂ വികസനം എന്നിവയിൽ പദ്ധതികൾ തയ്യാറാക്കുന്നതിലും കേരളം മുൻപന്തിയിലാണ്. ഗതാഗത വകുപ്പിൽ നഷ്ടം കുറച്ചുകൊണ്ടുവരു

ന്നതിനും ജീവനക്കാരുടെ പെൻഷനും ശമ്പളവും റിവൈസ് ചെയ്യുന്നതിന് തുക വകയിരുത്തുന്നതിനും സാധിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് അധികാരം വിട്ടൊഴിയുമ്പോൾ ഇൻഡ്യൻ ഓയിൽ കമ്പനിക്ക് കൊടുക്കാനുണ്ടായിരുന്ന 173.8 കോടി രൂപയും പിന്നീട് ഉപയോഗിച്ച ഇന്ധനത്തിനുള്ള മുഴുവൻ തുകയും കൊടുത്തത് ഈ ഗവൺമെന്റാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന 652.81 കോടി രൂപയുടെ കടം കെ.എസ്.ആർ.ടി.സി കൊടുത്തുതീർത്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി പതിനൊന്നേകാൽ ലക്ഷം കിലോമീറ്റർ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന സ്ഥാനത്ത് ഇപ്പോൾ 16 ലക്ഷം കിലോമീറ്റർ സർവ്വീസ് നടത്തുകയും ഇരുപതിനായിരം പേർക്ക് തൊഴിൽ കൊടുക്കുകയും ചെയ്തിരിക്കുന്നു. വികസനരംഗത്ത് എല്ലാ വകുപ്പുകളിലും പുരോഗതി ഉണ്ടായിട്ടുണ്ട്.

<u>ശ്രീ. പി. തിലോത്തമൻ</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പദ്ധതി-പദ്ധതിയേതര ചെലവുകൾക്ക് പണം കണ്ടെത്താനും വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും സമ്പദ്ഘടനയിൽ ഇടപെടൽ നടത്താനും ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ വളർന്നുവരുന്ന മതതീവ്രവാദ പ്രവർത്തനങ്ങളെ മതസൗഹാർദ്ദത്തിലൂടെ മാത്രമേ പരാജയപ്പെടുത്താൻ കഴിയുകയുള്ളു. അദ്ധ്യാപകന്റെ കൈപ്പത്തി വെട്ടി മാറ്റിയ സംഭവവുമായി ബന്ധപ്പെട്ട് വളരെ ശക്തമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. വർഗ്ഗീയ ചേരിതിരിവുണ്ടാക്കാനും വർഗ്ഗീയ കലാപമുണ്ടാക്കാനും ബോധപൂർവ്വം ശ്രമം നടത്തുന്ന സംഘടനാ പ്രവർത്തനത്തെ കർക്കശമായി നേരിടുന്ന നിലപാടാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. രാജ്യത്താകമാനം അവശ്യസാധനങ്ങളുടെ

വില കുതിച്ചുകയറിക്കൊണ്ടിരിക്കുകയാണ്. ഭക്ഷ്യസുരക്ഷ നിയമം പ്രാവർത്തികമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടാകുന്നില്ല. പെട്രോളിയം ഉല്പന്നങ്ങളുടെ വില പലതവണ വർദ്ധിപ്പിച്ചു. കേന്ദ്ര സബ്സിഡി വർഷംതോറും കുറഞ്ഞുകുറഞ്ഞു വരികയാണ്. രാജ്യത്ത് പട്ടിണിമരണം വർദ്ധിക്കുന്നതിന് പരിഹാരം കാണണം. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുകയും വിലക്കയറ്റം പിടിച്ചുനിറുത്തുകയും ചെയ്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ജനദ്രോഹ നടപടികൾ സംസ്ഥാനത്തെ ബാധിക്കാതിരിക്കുന്നതിനുള്ള ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേല്പിക്കാതെ സാമൂഹിക സുരക്ഷയും ജീവൽകാരുണ്യ പ്രവർത്തനങ്ങളും നടത്തി ആഗോള സാമ്പത്തിക നയത്തിന് ബദൽനയം നടപ്പിലാക്കിക്കൊണ്ട് സർക്കാർ മുന്നോട്ടുപോകുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 17100 ആദിവാസികൾക്ക് 17000-ൽപ്പരം ഏക്കർ ഭൂമി വിതരണം ചെയ്യുകയുണ്ടായി. ആദിവാസി ഭൂമി അനധികൃതമായി തട്ടിയെടുക്കുന്നവർക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കും. ലോട്ടറി മാഫിയകൾക്ക് എല്ലാവിധ ഒത്താശകളും ചെയ്തുകൊടുത്ത കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി രാജിവയ്ക്കുകയും സമഗ്രമായ അന്വേഷണത്തെ നേരിടുകയും വേണം. ജനാധിപത്യ മതേതര സോഷ്യലിസ്റ്റ് റിപ്പബ്ളിക് എന്ന സങ്കല്പം വച്ചുപുലർത്തുന്നതുകൊണ്ടാണ് ഇൻഡ്യാ രാജ്യം വംശീയമായ തകർച്ചയിലേയ്ക്ക് പോകാതെ എല്ലാ അർത്ഥത്തിലും അയൽരാജ്യങ്ങൾക്ക് മാതൃക

യായി നിലകൊള്ളുന്നത്. എൻ.ഡി.എഫ്. തുടങ്ങിയ സംഘടനകളെക്കുറിച്ച് വസ്തുനിഷ്ഠമായ അഭിപ്രായം പറയുമ്പോൾ അതിനെ മുസ്ലീം വിരുദ്ധമായി ചിത്രീകരിക്കുന്നത് ആർക്കും ഭൂഷണമല്ല. മൗലാന അബ്ദുൾകലാം ആസാദിന്റെ മതേതര നിലപാടുകളെ മാതൃകയാക്കണം. വർഗ്ഗീയ-മതമൗലിക വാദികളേയും തീവ്രവാദത്തേയും പ്രോൽസാഹിപ്പിക്കുകയില്ലെന്ന് പറയാനുള്ള ആർജ്ജവം പ്രതിപക്ഷം കാണിക്കണം. വിലക്കയറ്റം നിയന്ത്രി ക്കുന്നതിനും നികുതി വർദ്ധിപ്പിക്കാതെ സംസ്ഥാനത്തിനാവശ്യമായ തുക കൃത്യമായ നികുതിപിരിവിലൂടെ കണ്ടെത്താനും ഈ ഗവൺമെന്റിനു സാധിച്ചു. ലോട്ടറി മേഖലയിലെ സ്തുത്യർഹമായ പ്രവർത്തനങ്ങളിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉത്തരമലബാറിലെ കോലധാരിക ളുടെ ക്ഷേമം സംബന്ധിച്ച് സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കണം. കോടിക്കണക്കിന് ടൺ ഭക്ഷ്യധാന്യം നശിക്കാനിടവരികയും പട്ടിണിപ്പാവ ങ്ങൾ ഒരു നേരത്തെ ഭക്ഷണത്തിന് കേഴുകയും ചെയ്യുന്നത് വിരോധാഭാസ മാണ്. കേന്ദ്ര പൊതുവിതരണരംഗം ആകെ താറുമാറായിരിക്കുന്നു. ഭക്ഷ്യ ധാന്യങ്ങൾ യഥാവിധി സംഭരിച്ച് കേടുകൂടാതെ വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാകണം. കേന്ദ്രസർക്കാരിന്റെ തെറ്റായനയങ്ങളാണ് വിലക്ക യറ്റത്തിന് നിദാനമായത്. എൽ.ഡി.എഫ്. സർക്കാരിന്റെ ഫലപ്രദമായ നടപടി കളിലൂടെ സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കാൻ സാധിച്ചു. മാവേലി സ്റ്റോറുകളിലൂടെയും സപ്ലൈകോയിലൂടെയും ഉത്സവകാല ചന്തകളിലൂ ടെയും പൊതുവിതരണ മേഖല ശക്തിപ്പെടുത്തി. കുറ്റകൃത്യങ്ങൾ കണ്ടെത്തി ശിക്ഷാനടപടികൾ സ്വീകരിച്ചതിലൂടെ ക്രമസമാധാനരംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിച്ചു. എല്ലാ വിഭാഗം ജനങ്ങൾക്കും ആശ്വാസനടപടികൾ എത്തിക്കാൻ കഴിഞ്ഞത് പ്രശംസനീയമാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാന ബഡ്ജറ്റിൽ പാസ്സാക്കിയ തുകയ്ക്ക് പുറമേ സപ്ലിമെന്ററി ഡിമാന്റ് കൂടി പാസ്സാക്കിയിട്ടും അത് മുഴുവൻ ചെലവഴിക്കാൻ തയ്യാറാകാത്ത സർക്കാരാണിത്. ലോട്ടറി ടാക്സ് പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയതു വഴി ഖജനാവിന് കോടികളുടെ നഷ്ടമുണ്ടായതിന് സ്വീകരിക്കാൻ ഉദ്ദേശി ക്കുന്ന നടപടിയെക്കുറിച്ച് വ്യക്തമാക്കണം. പി.ഡബ്ലിയു.ഡി. വിഭാഗത്തിൽ എ.എസ്. കൊടുത്ത വർക്കുകൾ പൂർണ്ണമായും പ്രാവർത്തികമാക്കിയാൽ റവന്യൂ കമ്മി ഉണ്ടാകുമെന്നത് സുനിശ്ചിതമാണ്. 2008-09-ൽ കേന്ദ്രം മതിയായ സാമ്പത്തികസഹായം ലഭ്യമാക്കിയതുകൊണ്ടു മാത്രമാണ് സംസ്ഥാനത്തിന്റെ ധനസ്ഥിതി ഈ രീതിയിൽ മെച്ചപ്പെട്ടത്. പ്ലാൻ എക്സ്പെന്റിച്ചറിന് വ്യത്യസ്ത സ്റ്റേറ്റ്മെന്റുകളാണ് സഭയിൽ നൽകിയി ട്ടുള്ളത്. പ്ലാൻ എക്സ്പെന്റിച്ചർ കുറഞ്ഞു. സാമ്പത്തിക അരാജകത്വം സംസ്ഥാനത്തുണ്ടായിരിക്കുകയാണ്.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി)</u> :ഉത്തര മലബാറിലെ ക്ഷേത്രാചാരസ്ഥാനീയർ,കോലധാരികൾ എന്നിവർക്കുള്ള ധനസഹായ പദ്ധതിയെ സംബന്ധിച്ച നിർദ്ദേശങ്ങൾ ഇന്നലെ ത്തന്നെ ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന് 2004-ൽ 42 കിലോമീറ്ററിൽ ഭൂമി ഏറ്റെടുത്ത് നൽകേണ്ടതിൽ 2006 ആയിട്ടും 14 കിലോമീറ്റർ മാത്രമേ ഏറ്റെടുത്ത് കൊടു ത്തുള്ളൂ. ഭൂമി ഏറ്റെടുത്തുകൊടുക്കാത്തതുകൊണ്ടാണ് പണി ഇത്രയും നീണ്ടുപോയത്. യു. ഡി. എഫ്. ഭരണകാലത്ത് മൊത്തം ഭൂമി അക്വിസിഷനു

വേണ്ട 80 കോടി രൂപയിൽ 28 കോടി രൂപയേ ചെലവഴിച്ചിരുന്നുള്ളൂ. ട്രിഡ 35 കോടി രൂപ ആവശ്യപ്പെട്ടപ്പോൾ 28 കോടി രൂപയേ കൊടുത്തുള്ളൂ. എൽ.ഡി.എഫ്. സർക്കാർ ഭൂമി അക്വിസിഷന് ട്രിഡ ആവശ്യപ്പെട്ട തുക യഥാസമയം നൽകിയിട്ടുണ്ട്. 176 കോടി രൂപയാണ് ഒറിജിനൽ എസ്റ്റിമേറ്റെങ്കിലും കെ. എസ്. ടി. പി. പണി തീരുമ്പോൾ 289 കോടി രൂപയാകും. യു.ഡി.എഫ്. ഭരണകാലത്ത് 112 കോടി രൂപയുടെ പ്രവൃത്തി നടന്നു. പ്രൈസ് എസ്കലേഷന്റെ ഭാഗമായി 24 കോടി രൂപ കൊടുത്തു. 63 കോടി രൂപയുടെ പണി ബാക്കിയുണ്ടായിരുന്നു. 289 കോടി രൂപയ്ക്ക് പണി തീരുമ്പോൾ അധികച്ചെലവ് 39 കോടി രൂപയാണ്. തർക്കമില്ലാതെ ഭഗീരഥ കമ്പനി ചോദിച്ചത് കൊടുത്ത് പ്രവൃത്തി ചെയ്തിരുന്നുവെങ്കിൽ 250 കോടി രൂപയ്ക്ക് തീരുമായിരുന്നത് ഇപ്പോൾ 289 കോടി രൂപയിലെത്തി, 39 കോടി രൂപയുടെ നഷ്ടമുണ്ടാകുകയാണ്. എക്സ്റ്റെൻഷൻ കൊടുത്തതിന്റെ ഫലമായി 74 കോടി രൂപയാണ് കൂടുതൽ കൊടുക്കേണ്ടി വന്നത്. ഭഗീരഥ കമ്പനിക്ക് ആദ്യം ഭൂമി ഏറ്റെടുത്ത് നൽകിയില്ല. ഭൂമി ഏറ്റെടുത്ത് നൽകിയപ്പോൾ ഈ കമ്പനി തകരുകയും പ്രവൃത്തി നടക്കാതെയുമായി. വേൾഡ് ബാങ്ക് റിവ്യൂ ടീം കമ്പനിയുടെ ഫിനാൻഷ്യൽ സ്റ്റാറ്റസിനെക്കുറിച്ച് പരിശോധിക്കേണ്ടതുണ്ടെന്നും കമ്പനിക്കാരുടെ കുറ്റംകൊണ്ടാണ് പണി നീണ്ടുപോയി സമയം എക്സ്റ്റെന്റ് ചെയ്യേണ്ടി വരുന്നതെന്നും പറഞ്ഞിട്ട് ഒരു പ്രാവശ്യം പോലും കഴിഞ്ഞ സർക്കാർ എൽ.ഡി. ക്ലെയിം (നഷ്ടപരിഹാരം) ഫയൽ ചെയ്യാതെ എക്സ്റ്റെൻഷൻ കൊടുക്കുകയാണ് ചെയ്തത്. പതിബെൽ കമ്പനി

74 കോടി രൂപയുടെ നഷ്ടപരിഹാരം വാങ്ങുകയാണ്. ഈ ഗവൺമെന്റ് വന്നശേഷം എൽ.ഡി. ക്ലെയിം കൊടുക്കണമെന്ന പഴയ സർക്കാരിന്റെ ധനകാര്യ വകുപ്പ് പറഞ്ഞ അഭിപ്രായമാണ് പറഞ്ഞത്. എക്സ്റ്റെൻഷൻ കൊടുക്കുന്നതിനുമുമ്പ് എൽ.ഡി. ക്ലെയിം കൊടുത്തിരിക്കണം, അത് ഈടാക്കിയിട്ടേ പേമെന്റ് നടത്താവൂ. എന്നാൽ ഇക്കാര്യത്തിൽ പേമെന്റ് നിറുത്തിവച്ച് ഒരു മാസം കഴിഞ്ഞപ്പോൾ അങ്ങോട്ട് കൊടുക്കാനുള്ളതിനേക്കാൾ കൂടുതലായി ഇങ്ങോട്ടുള്ള ക്ലെയിം. Null Bill കൊടുക്കണമെന്ന് ധനകാര്യ വകുപ്പ് പറഞ്ഞു. ഈ സമയത്ത് കരാർ ലംഘിച്ചു എന്നുപറഞ്ഞ് കമ്പനി രക്ഷപ്പെടുകയാണ് ചെയ്തത്. ബിൽ പേ ചെയ്യാതിരുന്നതിന്റെ ഉത്തരവാദി ആരാണെന്നുള്ളതാണ് വിജിലൻസ് അന്വേഷിക്കുന്നത്. യു.ഡി.എഫ്. ഭരണകാലത്തുണ്ടായ 39 കോടി രൂപയുടെ നഷ്ടം ഈ ഗവൺമെന്റിൽ കെട്ടിവയ്ക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. മുൻകൂർ നികുതി വാങ്ങാതിരിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലെന്ന ഹൈക്കോടതി ഉത്തരവിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ട്. മുൻകൂർ നികുതി അടയ്ക്കാതെ കാലതാമസം വരുത്തിയാൽ പലിശ ഈടാക്കാമെന്നും കോടതി ഉത്തരവുണ്ട്. സംസ്ഥാന സർക്കാരിന് കേന്ദ്ര ലോട്ടറി നിയമത്തിന്റെ സെക്ഷൻ 4-ന്റെ വയലേഷനെതിരെ നടപടി സ്വീകരിക്കാൻ അവകാശമില്ലെന്നും ഓൺലൈൻ ലോട്ടറിയും പേപ്പർ ലോട്ടറിയും ഒരുപോലെയാണെന്നുമുള്ള വാദത്തിനനുസൃതമായാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ചട്ടങ്ങൾ കൊണ്ടുവന്നിരിക്കുന്നത്. ഓൺലൈൻ ലോട്ടറി സാധാരണ ലോട്ടറി പോലെയാണെന്ന വാദം ഹൈക്കോടതി തള്ളുകയും സംസ്ഥാനം പാസ്സാക്കിയ നിയമത്തെ അപ്ഹോൾഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സിബി

മാത്യുവിന്റെ റിപ്പോർട്ട് സംസ്ഥാന സർക്കാർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സിക്കിം ലോട്ടറിയുടെ ഡയറക്ട് ഏജന്റോ പ്രൊമോട്ടറോ അല്ല എന്നുള്ളതുകൊണ്ടാണ് ജോൺ കെന്നഡിയുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും നികുതി വാങ്ങിക്കാതിരിക്കാനുമുള്ള തീരുമാനമെടുത്തത്. കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള ലോട്ടറീസ് നിയമത്തിൽ ഓരോ ഡ്രായ്ക്കും രജിസ്ട്രേഷൻ ഫീ നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ സിക്കിം, ഭൂട്ടാൻ സംസ്ഥാന ലോട്ടറികളിൽ നിന്നും രജിസ്ട്രേഷൻ ഫീ വാങ്ങാമെന്നാണ് സുപ്രീംകോടതിയിൽ നിന്നും വിധി വന്നിട്ടുള്ളത്. കേന്ദ്ര ലോട്ടറി നിയമത്തിന്റെ 5-ാം വകുപ്പുപ്രകാരം നേരിട്ട് ചെയ്യാൻ അവകാശമില്ലാത്ത കാര്യം കേരള നിയമസഭ പാസ്സാക്കിയ നിയമം ഉപയോഗിച്ച് ഇൻഡയറക്ടായിട്ട് ചെയ്യാൻ ശ്രമിക്കുന്നത് തെറ്റാണെന്നാണ് സുപ്രീംകോടതി പറഞ്ഞിരിക്കുന്നത്. അരുണാചൽപ്രദേശ് ലോട്ടറിയുടെ കേസ്സിൽ ഉണ്ടായതുപോലെ ജോൺ കെന്നഡിയുടെ കേസിലും അവരുടെ അഡ്വാൻസ് ടാക്സ് സർക്കാർ വാങ്ങിയില്ല. അതിനെതിരെ കോടതിയിൽ പോയപ്പോൾ കോടതി പറഞ്ഞത് നികുതി വാങ്ങിക്കാതെ അവരെ ലോട്ടറി നടത്താൻ അനുവദിക്കുന്നത് ശരിയല്ല എന്നാണ്. നിലവിലുള്ള വ്യവസ്ഥപ്രകാരം ഒരു ലോട്ടറി പ്രൊമോട്ടർ ഒരു നറുക്കുകൂടി ആവശ്യപ്പെട്ടുവന്നാൽ അത് തടയാൻ ഗവൺമെന്റിനു കഴിയില്ല. ഇന്നിപ്പോൾ ഒരു ദിവസം 24 ഡ്രോ വരെ എടുക്കാൻ അവകാശമുണ്ട്. അതിന് കൃത്യമായ ഹൈക്കോടതി വിധിയും നിലവിലുണ്ട്. പ്രൊമോട്ടർക്കാണ് രജിസ്ട്രേഷൻ നൽകുന്നത്; അല്ലാതെ നറുക്കിനല്ല. നിലവിലുള്ള വ്യവസ്ഥപ്രകാരം അടുത്ത മാസം എത്രമാത്രം പുതിയ ഡ്രോസ് ഉണ്ടാകും അതിന്റെ നികുതി തലേമാസം മുൻകൂർ ആയി അടയ്ക്കണം. നികുതി

അടയ്ക്കുന്നതിൽ കാലതാമസം വന്നാൽ കാലതാമസം വന്ന കാലയളവിൽ പ്രതിമാസം രണ്ട് ശതമാനം പലിശവച്ച് ഈടാക്കണം. ജോൺ കെന്നഡിയുടെ കേസ്സിൽ നാലുകോടിയിൽപ്പരം രൂപ നികുതിയും അതിന്റെ പലിശയായി 40,000 രൂപയുമാണ് അടയ്ക്കേണ്ടി വന്നത്. ടാക്സസ് സെക്രട്ടറിയുടെ അന്വേഷണത്തിൽ പലിശ വാങ്ങിയിട്ടാണ് രജിസ്ട്രേഷൻ നൽകിയിട്ടുള്ള തെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പലിശയടക്കം വാങ്ങിച്ച് രജിസ്ട്രേഷൻ കൊടുക്കാനാണ് കോടതിവിധി. കേരള ലോട്ടറി വിറ്റുകിട്ടുന്നതിന്റെ ഒരു ശതമാനം തുക വെൽഫെയർ ഫണ്ടിലേയ്ക്ക് കൊടുക്കും. ഫണ്ടിലേയ്ക്ക് തുക കൊടുത്ത് ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് ബോണസും ഫെസ്റ്റിവൽ അലവൻസും നൽകുന്നതാണ്. ലോട്ടറി വിൽപ്പന ഏജന്റുമാരെ കേരള ലോട്ടറിയോട് പ്രതിബദ്ധതയുള്ളവരാക്കി മാറ്റി മറ്റ് അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ പ്രവർത്തിക്കാൻ പറ്റുമോ എന്നുള്ള പരീക്ഷണമാണ് സർക്കാർ നടത്തുന്നത്. ധനകാര്യത്തെ സംബന്ധിച്ച് നടന്ന ചർച്ചയിൽ 2008-09-ൽ സഭ അംഗീകരിച്ച 7718 കോടി രൂപ ഈ സർക്കാർ ചെലവാക്കി യില്ല എന്ന് ആരോപണമുണ്ടായി. സർക്കാർ എടുക്കുന്ന മുഴുവൻ വായ്പ കളും തിരിച്ചടവും സംസ്ഥാന ബഡ്ജറ്റിൽ വരവും ചെലവുമായി വയ്ക്കുക യാണ് പതിവ്. എത്രപ്രാവശ്യം ഇങ്ങനെ എത്രകോടി രൂപ വായ്പയെടുക്കേ ണ്ടിവരും അങ്ങനെ എടുക്കുന്ന എത്രകോടി പണം തിരിച്ചടക്കാൻ പറ്റും എന്നതുസംബന്ധിച്ച് എസ്റ്റിമേറ്റ് ചെയ്യും. ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ഈ വരവും ചെലവും കണക്കാക്കും. വേയ്സ് ആന്റ് മീൻസിൽ കുറവു വന്നാൽ 600 കോടി രൂപ വരെ റിസർവ് ബാങ്കിൽനിന്ന് താൽക്കാലിക വായ്പയെടു ക്കാവുന്നതാണ്. ഈ വർഷം സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെട്ടതുകൊണ്ട്

തുച്ഛമായ തുക മാത്രമേ വേയ്സ് ആന്റ് മീൻസിൽ റിസർവ് ബാങ്കിൽനിന്ന് വായ്പയെടുക്കേണ്ടി വന്നിട്ടുള്ളൂ. അതായത് 7718 കോടി രൂപയിൽ പബ്ലിക് ഡെബ്റ്റായ 5000 കോടി രൂപ ഇത്തരത്തിലുള്ള ബുക്ക് അഡ്ജസ്റ്റ്മെന്റ് മാത്രമാണ്. ബാക്കി വരുന്ന 2798 കോടി രൂപയിൽ ഏകദേശം 600 കോടി രൂപയോളം പ്ലാൻ ഫണ്ടിലും ബാക്കിയുള്ള തുക നോൺ-പ്ലാൻ ഫണ്ടിലു മാണ് വരുന്നത്. അതായത് ശമ്പളത്തിലും പലിശയിലും വകയിരുത്തുന്ന തിൽ വന്നിട്ടുള്ള കുറവാണ്. എന്നാൽ ചില ഡിപ്പാർട്ടുമെന്റുകളിൽ പല കാരണങ്ങൾ കൊണ്ട് പണം ചെലവഴിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടാകാം. കഴിഞ്ഞ സർക്കാർ ഉണ്ടാക്കിയിട്ടുള്ള ഗ്യാരന്റി കമ്മീഷൻ ആക്റ്റ് നിലവിലു ളളപ്പോൾ സംസ്ഥാന സർക്കാരിന് കമ്മീഷൻ മൊത്തം തുകയ്ക്ക് വാങ്ങാതെ ഗ്യാരന്റി നൽകാൻ കഴിയില്ല. ഇതുകാരണം കാർഷികവികസന ബാങ്കി നൊക്കെ വായ്പ എടുക്കുന്നത് ബുദ്ധിമുട്ടായി മാറുകയാണ്. നിയമം ഭേദഗതി ചെയ്യാനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്. സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സ് പാസ്സാക്കിയാലേ അവർക്ക് വായ്പ കൊടുക്കാൻ കഴിയുക യുള്ളൂ; എസ്.ഡി.ജി പാസ്സാക്കിക്കഴിഞ്ഞാൽ 124 കോടി രൂപ കാർഷിക വികസന ബാങ്കിന് പലിശരഹിത വായ്പയായി നൽകുന്നതാണ്. ഈ തുക ഗ്രാന്റായി നൽകിയാൽ സംസ്ഥാന സർക്കാരിന്റെ റവന്യു ചെലവ് 124 കോടി രൂപ കൂടും. ഈ ബാങ്കിനെ നിലനിർത്തുന്നതിനുള്ള നടപടിയാണ് 124 കോടി രൂപ വായ്പ നൽകുന്നതിലൂടെ സർക്കാർ കൈക്കൊള്ളുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഏതാണ്ട് മൊത്തം ചെലവിൽ 75 ശതമാനത്തിന്റെ വർദ്ധ നവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റും ഉപധനാഭ്യർത്ഥനകളും പാസ്സാകുന്നതോടുകൂടി സംസ്ഥാന സർക്കാരിന്റെ

മൊത്തം ചെലവ് 40,687 കോടി രൂപയാകുകയാണ്; അതായത് ടോട്ടൽ എക്സ്പെന്റിച്ചർ ഏതാണ്ട് ഇരട്ടിയായി മാറുകയാണ്. 2005-06-ൽ വെറും നാലുകോടി രൂപയാണ് വിവിധ സബ്സിഡികൾക്കായി മാറ്റിവച്ചത്. എന്നാൽ ഈ സർക്കാർ നൽകുന്ന സബ്സിഡി ഈ വർഷം 700 കോടി രൂപയെങ്കിലു മാകുമെന്നാണ് കണക്കാക്കിയിട്ടുളളത്. പെൻഷൻ, റേഷൻ, വീട് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പരമാവധി ചെയ്തുകൊടുക്കുകയെന്നതാണ് ഈ സർക്കാരിന്റെ സമീപനം. നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകാനുള്ള നടപടിയും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയടക്കം എല്ലാ പദ്ധതികളും പത്തോ ഇരുപതോ വർഷ ങ്ങൾക്കുശേഷം ജനങ്ങൾക്ക് കിട്ടേണ്ടുന്ന നേട്ടം ഇന്ന് ലഭ്യമാക്കികൊടുക്കു ന്നുവെന്നതാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത. ആട്ടോണമസ് ഇൻസ്റ്റിറ്റ്യൂഷൻസ്, പബ്ലിക് സെക്ടർ, ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ സ്ഥാപനങ്ങളെ പ്രാപ്തമാക്കി കൂടുതൽ മൂലധന ചെലവ് സംസ്ഥാ നത്ത് നടത്താൻ ഭാവനാപൂർണ്ണമായി പ്രവർത്തിച്ചതിന്റെ ഫലമായി സംസ്ഥാ നത്തിന്റെ പൊതുചെലവ് ഏതാണ്ട് 55,000 കോടി രൂപയോളം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്ത് ഒരു കൺസർവേറ്റീവ് ഫിസ്ക്കൽ പോളിസിയാണ് നടപ്പിലാക്കുന്നത്. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം പാവപ്പെട്ട ജനങ്ങൾക്ക് എന്ത് ആനുകൂല്യം കൊടുക്കാൻ കഴിയും, ഇവിടത്തെ നിക്ഷേപം എങ്ങനെ ഉയർത്താൻ കഴിയും എന്നുള്ളതാണ് ആലോചിക്കുന്ന ത്. സംസ്ഥാനത്തെ അസംഘടിത മേഖലയിലെ സ്ത്രീത്തൊഴിലാളികൾക്ക് ഒരു മാസത്തെ വേതനത്തോടുകൂടിയ പ്രസവാവധി നൽകാൻ തീരുമാനിച്ചിരി ക്കുകയാണ്. സ്പെഷ്യൽ മെറ്റേർണിറ്റി ബനിഫിറ്റ് സ്കീം എന്നറിയപ്പെടുന്ന

ഈ പദ്ധതി ഇന്ത്യാരാജ്യത്ത് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന വിധത്തിൽ ആദ്യമായി നടപ്പിലാക്കുന്നത് കേരളത്തിലാണ്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാംനമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാ

ഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 26-നെതിരെ 73 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളിൽ വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 26-നെതിരെ 73 വോട്ടുകളോടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥന 26-നെതിരെ

76 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010 പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010 പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജി. കാർത്തികേയൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബില്ലിന്റെ പീഠികയിൽ പറയുന്ന വില്ലേജുകളിലെ ഭൂമിയെ സംബന്ധിച്ച് വിവിധ കോടതികളിൽ തീർപ്പാക്കാതെ നിലനിൽക്കുന്ന തർക്കങ്ങൾ ട്രൈബ്യൂണലിലേയ്ക്ക് കൈമാറ്റം ചെയ്തുകൊണ്ട് പ്രത്യേക ട്രൈബ്യൂണൽ രൂപീകരിക്കുന്നതിലൂടെ സർക്കാരിന്റെ ദൗർബല്യം പരസ്യമാകുകയാണ്. സർക്കാരിന്റെ നിലവിലുള്ള സംവിധാനങ്ങൾകൊണ്ട് ഇന്നത്തെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സാധ്യമല്ലേ എന്നു ചിന്തിക്കുമ്പോഴാണ് ഈ ബിൽ അവതരിപ്പിക്കുന്നതിലുള്ള സർക്കാരിന്റെ ദുരുദ്ദേശം മനസ്സിലാകുന്നത്. മൂന്നാർ പ്രശ്നങ്ങളുമായി

ബന്ധപ്പെട്ട തർക്കങ്ങളും വിവാദങ്ങളും ഇപ്പോഴും നിലനിൽക്കുന്നു. മൂന്നാറിലെ സർക്കാർ ഭൂമി ഭൂമാഫിയകളിൽ നിന്നും മോചിപ്പിക്കാനും സംരക്ഷിക്കുവാനും സ്വീകരിച്ച നിലപാടുകൾക്ക് കടകവിരുദ്ധമായ സമീപന ങ്ങൾ കോടതിയിൽ നിന്നുമുണ്ടായതായി സർക്കാർതന്നെ പറയുന്നു. ഫലപ്ര ദമായി കേസ്സുകൾ വാദിക്കാൻ കഴിയാത്തത് സർക്കാരിന്റെ പരാജയത്തെ യാണ് കാണിക്കുന്നത്. മെർക്കിസ്റ്റൺ ഭൂമി ഉൾപ്പെടെ എല്ലാ കേസ്സുകളും തീർപ്പാക്കാതെ നീണ്ടുപോകുകയും ഹൈക്കോടതിയിൽ മിക്കവാറും കേസ്സുകൾ പരാജയപ്പെടുകയും ചെയ്തു. ടാറ്റായുടെ കയ്യിൽ നിന്നും പിടിച്ചെടുത്ത ഭൂമിയിൽ മുഖ്യമന്ത്രി നേരിട്ടുപോയി കേരള സർക്കാരിന്റെ സ്ഥലമെന്നു നാമകരണം ചെയ്ത ബോർഡ് സ്ഥാപിച്ചെങ്കിലും റവന്യൂ വകു പ്പുമന്ത്രി ചട്ടം 300 അനുസരിച്ച് സഭയിൽ നടത്തിയ പ്രസ്താവനയിൽ പ്രസ്തുത ഭൂമി ടാറ്റായുടെ കയ്യിൽ നിന്നും സർക്കാർ പിടിച്ചെടുത്തതല്ല, മറിച്ച് അത് സർക്കാർ ഭൂമി തന്നെയാണ് എന്നാണ് പറഞ്ഞത്. കേരളത്തിന്റെ നിയമസംവിധാനങ്ങളിൽ വിശ്വാസമില്ലാത്തതുകൊണ്ടാണ് സർക്കാർ ഈ ബിൽ കൊണ്ടു വരുന്നത്. ധാരാളം കേസ്സുകൾ കെട്ടിക്കിടക്കുന്നതുകൊണ്ടും തർക്കങ്ങളിൽ പലതിലും വിശദമായ തെളിവുകൾ ആവശ്യമായി വരുന്നതി നാലും വ്യവഹാരങ്ങൾ തീർപ്പുകൽപ്പിക്കാൻ കാലതാമസമുണ്ടാകുന്നുണ്ട്. വർഷങ്ങൾ എടുത്താലും ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുകയില്ലായെന്ന് വ്യക്തമായതുകൊണ്ടാണ് ഈ ബിൽ കൊണ്ടു വരു ന്നതെന്നാണ് സർക്കാർ പറയുന്നത്. ട്രൈബ്യൂണലിൽ പോകുമ്പോൾ വ്യക്തമായ തെളിവുകൾ വേണ്ടെന്ന സർക്കാരിന്റെ വാദം തികച്ചും അടിസ്ഥാ നരഹിതമാണ്. ട്രൈബ്യൂണലിലൂടെ രാഷ്ട്രീയ താൽപര്യങ്ങൾ സംരക്ഷിക്കാ

നാണ് സർക്കാർ ശ്രമിക്കുന്നത്. ട്രൈബ്യൂണലിൽ മൂന്നംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽ ഒരാൾ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ജില്ലാ ജഡ്ജി ആയിരിക്കേണ്ടതും ആ വ്യക്തി ട്രൈബ്യൂണലിന്റെ ചെയർമാൻ ആയിരിക്കേണ്ടതും മറ്റ് രണ്ടംഗങ്ങളും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അതിൽ ഒരംഗം ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ള ആളായിരിക്കേണ്ടതും ആണ് എന്നുള്ള വ്യവസ്ഥയിലൂടെ സർക്കാരിന് സൗകര്യപ്രദമായ ഒരു ടീമിനെ ട്രൈബ്യൂണലിൽ നിലനിർത്താൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. ഹൈക്കോടതിയിൽ പോയി തീർപ്പുകൽപ്പിക്കാത്ത കേസ്സുകളെല്ലാം ട്രൈബ്യൂണലിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് അനുകൂലവിധി സമ്പാദിക്കാനുള്ള സർക്കാരിന്റെ ലക്ഷ്യമാണ് ഈ ബില്ലിലൂടെ പ്രകടമാകുന്നത്. മൂന്നാറിലെ കേസ്സുകൾ സംബന്ധിച്ച് തീർപ്പുകൽപ്പിക്കാനായി ട്രൈബ്യൂണലിനുപകരം ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കാമായിരുന്നു. നിയമസഭയിലെ ഭൂരിപക്ഷം ഉപയോഗിച്ച് നിയമം പാസ്സാക്കി അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രദേശത്ത് ആഗ്രഹിക്കുന്ന കാര്യങ്ങൾ നടപ്പിൽ വരുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ഒരുവശത്ത് ഒരു പ്രദേശത്തെ ജനങ്ങളെ രക്ഷിക്കാനെന്നു പറഞ്ഞ് ട്രൈബ്യൂണൽ രൂപീകരിക്കുമ്പോൾ മറുഭാഗത്ത് അട്ടപ്പാടിയിൽ ആദിവാസികളെ അവരുടെ ഭൂമിയിൽ നിന്ന് ആട്ടിപ്പായിക്കാൻ ശ്രമം നടത്തുന്നത് വിരോധാഭാസമാണ്. മൂന്നാർ മേഖലയെ സംരക്ഷിക്കുന്നതിന് ഇത്തരം ഒരു പ്രത്യേക ട്രൈബ്യൂണൽ ബിൽ കൊണ്ടുവരേണ്ട ആവശ്യമില്ല. ഈ ബില്ലിലെ വ്യവസ്ഥകളെ ശക്തമായി എതിർക്കുന്നു.

ശ്രീ. കെ.സി. ജോസഫിനുവേണ്ടി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മൂന്നാർ പ്രത്യേക

ട്രൈബ്യൂണൽ ബിൽ, 2010 പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കോടതികളിൽ നിലവിലുള്ള കേസുകളും തർക്കങ്ങളും ട്രൈബ്യൂണൽ രൂപീകരിച്ചു കഴിഞ്ഞാലുടൻ കൈമാറ്റം ചെയ്യപ്പെടുമെന്നാണ് പറയുന്നത്. അങ്ങനെയാ ണെങ്കിൽ ട്രൈബ്യൂണൽ രൂപീകരിക്കുന്ന സമയത്തുമാത്രമേ നിയമം പ്രാബല്യ ത്തിൽ വരികയുള്ളു. ഈ ബില്ലിലെ വ്യവസ്ഥ പ്രകാരം ജുഡീഷ്യറിയുടെ അധികാരമെടുത്ത് നോൺ ജുഡീഷ്യലായിട്ടുള്ള ആളുകളിലേയ്ക്ക് കൈമാറുകയാണ് ചെയ്യുന്നത്. ജുഡീഷ്യറിയാണ് കൈകാര്യം ചെയ്യുന്നതെങ്കിൽ ജുഡീഷ്യൽ ബാക്കിംഗ് ഉണ്ടാകും. ട്രൈബ്യൂണലിന്റെ രൂപീകരണവും അതിന്റെ ചുമതലകളും എന്നതിൽ ട്രൈബ്യൂണലിൽ മൂന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽ ഒരാൾ ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി കൂടിയാലോചിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലാ ജഡ്ജി ആയിരിക്കേണ്ടതുമാണ് എന്നാണ് പറയുന്നത്. അടുത്ത അംഗത്തിന് ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യത വേണമെന്നാണ് പറയുന്നത്. അതായത് ഏഴ് വർഷം ജില്ലാകോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ഒരു വക്കീൽ എന്നാണ് ഉദ്ദേശിക്കുന്നത്. ഏഴ് വർഷം പ്രാക്ടീസുണ്ടെങ്കിൽ ജില്ലാ ജഡ്ജിയായി നിയമിക്കുന്നതിനുള്ള യോഗ്യതയിലേയ്ക്ക് ഒരു വക്കീൽ വരികയാണ്. ആ വക്കീൽ ഗവൺമെന്റിന്റെ നോമിനിയാണ്. അത്തരമൊരു വ്യവസ്ഥ ശരിയല്ല. മൂന്നാമത്തെ ആൾ ജില്ലാ ജഡ്ജിയായി സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്ത ഒരാൾ എന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിൽ ഏജ് ലിമിറ്റ് പറയാത്ത സ്ഥിതിക്ക് സർക്കാരിന് വേണ്ടപ്പെട്ട ആളുകളെ തിരികി കയറ്റാൻ അവസരമുണ്ടാകും. ജില്ലാ ജഡ്ജി എന്നുള്ളത് മാറ്റി ഹൈക്കോടതി

ജഡ്ജിയാകാൻ അർഹതയുള്ള വക്കീൽ എന്നാക്കണം. ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഒഴികെയുള്ള എല്ലാ കേസുകളും ഈ ട്രൈബ്യൂണലിലേയ്ക്ക് കൊണ്ടുവരുന്നു എന്നാണ് പറയുന്നത്. അതായത് മറ്റ് നടപടികൾ പൂർത്തിയാക്കി വിധി പ്രസ്താവിക്കാൻ വേണ്ടിമാത്രം മാറ്റിവച്ചിരിക്കുന്ന കേസ്സുകൾ ഉൾപ്പെടെ ഈ ട്രൈബ്യൂണലിൽ വന്നാൽ കേസുകൾ വർദ്ധിക്കുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് കേസുകൾ വേഗം തീർക്കാനാണ് പ്രത്യേക ട്രൈബ്യൂണൽ കൊണ്ടുവരുന്നതെന്ന വാദം ശരിയല്ല. 9(1)-ൽ സാരവത്തായ നിയമപ്രശ്നം ഉണ്ടെങ്കിൽ മാത്രം അപ്പീൽ സ്വീകരിച്ചാൽ മതിയെന്ന് സൂചിപ്പിച്ചിരിക്കുന്നതുകൊണ്ട് അപ്പീൽ കൊടുക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് ഗവൺമെന്റ് എത്തിപ്പെടുമെന്ന് ആശങ്കപ്പെടുകയാണ്. ക്ലാസ്സ് 12-ൽ ട്രൈബ്യൂണലിന്റെ കാലാവധിയെക്കുറിച്ച് പറയാതെ പിരിച്ചുവിടാമെന്നുള്ള നിബന്ധന ഉൾപ്പെടുത്തിയിരിക്കുന്നതു മൂലം ഗവൺമെന്റ് ഇച്ഛിക്കുന്ന വിധത്തിൽ പ്രവർത്തിക്കാതെ വരികയാണെങ്കിൽ എപ്പോൾ വേണമെങ്കിലും പിരിച്ചുവിടുകയും അത് ട്രൈബ്യൂണലിന്റെ സ്വതന്ത്ര പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യുമെന്നുള്ളതുകൊണ്ട് ആവശ്യമായ ഭേദഗതി കൊണ്ടുവന്ന് ഇതിൽ മാറ്റം വരുത്തണം. ബില്ലിലെ 3-ാം വകുപ്പനുസരിച്ച് ട്രൈബ്യൂണലിന്റെ ചെയർമാനായി ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയെ നിയമിക്കണം. ജില്ലാ ജഡ്ജിയായി സർവ്വീസിൽനിന്ന് റിട്ടയർ ചെയ്തവരേയും ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ളവരേയും ട്രൈബ്യൂണൽ അംഗങ്ങളായി നിയമിക്കപ്പെടുന്ന വ്യവസ്ഥ മാറ്റണം. നവീന മൂന്നാർ എന്ന സങ്കല്പം കൊണ്ടുവരുമെന്ന് പറയുന്നതല്ലാതെ അതിനുള്ള യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. മൂന്നാറിൽ

സാറ്റലൈറ്റ് സർവ്വേ പൂർത്തിയാക്കുന്നതിനും നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ശ്രീ. സി.എച്ച്. കുഞ്ഞമ്പുവിനുവേണ്ടി ശ്രീ. എസ്. രാജേന്ദ്രൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010 വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണ നയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബിൽ ഇവിടെ അവതരിപ്പിച്ച സർക്കാരിനെ അഭിനന്ദിക്കുകയാണ്. ഈ ബിൽ മൂന്നാറിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ളതാണ്. ടാറ്റാ കമ്പനി സർക്കാർ ഭൂമിയിൽ കരം സ്വീകരിക്കുകയും പട്ടയം അനുവദി ക്കുകയും മറുപാട്ടം കൊടുക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് മൂന്നാറിൽ നിലനിൽക്കുന്നത്. മൂന്നാറിലെ 1,37,000 ഏക്കർ ഭൂമിയിൽ 1,27,000 ഏക്കർ ഭൂമിയും കമ്പനിയുടെ അധീനതയിലാണ്. പതിനായിരക്കണക്കിന് വരുന്ന തോട്ടം തൊഴിലാളികളുടെ പിൻഗാമികളും അനുബന്ധജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരും കമ്പനിയുടെ നിയന്ത്രണത്തിലാണ്. കമ്പനി ഭൂമി കയ്യേറിയതിനെ സംബന്ധിച്ച് പഠനം നടത്തുന്നതിന് ധാരാളം കമ്മിറ്റികളെ നിയോഗിച്ചുവെങ്കിലും അവിടെയുള്ള കുറച്ചുപേർ ഭൂമി കയ്യേറിയെന്ന നിലയിലാണ് റിപ്പോർട്ട് വന്നിട്ടുള്ളത്. 3000 തോട്ടം തൊഴിലാളികൾക്ക് 10 സെന്റ് ഭൂമി വീതം വിതരണം ചെയ്യുന്നതിന് തീരുമാനമെടുത്ത ഗവൺമെന്റാണിത്. ഭൂമിയിൽ കുടിൽകെട്ടി താമസം തുടങ്ങിയപ്പോഴാണ് അത് വനഭൂമിയാണെന്ന് കേന്ദ്ര കമ്മിറ്റി ഉദ്യോഗസ്ഥർ കണ്ടെത്തിയത്. ചോലവനങ്ങൾ വെട്ടിനശിപ്പിച്ച് ടീ പ്ലാന്റേഷൻ തുടങ്ങിയിട്ടും കമ്പനിയെ സംരക്ഷിക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായ

ത്. ഈ പ്രദേശത്തെ ജനങ്ങളെ സഹായിക്കുന്നതിന് ഇത്തരത്തിൽ ഒരു ബിൽ പാസ്സാക്കേണ്ടത് ആവശ്യമാണ്. മൂന്നാർ ടൗണിൽ അര സെന്റും മുക്കാൽ സെന്റും സ്ഥലത്ത് കച്ചവടസ്ഥാപനങ്ങൾ നടത്തുന്നവരുടെ സ്ഥലങ്ങൾക്ക് പട്ടയം കൊടുക്കണം. നിയമം ഫലപ്രദമായി നടപ്പാക്കിക്കൊണ്ട് മൂന്നാറിലെ കയ്യേറ്റ ഭൂമി സർക്കാർ ഏറ്റെടുക്കണം. മൂന്നാർ ഒരു വിനോദസഞ്ചാര മേഖലയായി വികസിപ്പിക്കാനുള്ള സാഹചര്യമൊരുക്കണം. കെട്ടിടങ്ങൾ വന്നതുകൊണ്ട് കാലാവസ്ഥയിൽ മാറ്റം വന്നുവെന്ന പ്രചാരണം അടിസ്ഥാനരഹിതമാണ്. കമ്പനിയുടെ ആധിപത്യം നിലനിറുത്താനുതകുന്നതും മൂന്നാറിന്റെ വികസനം തടസ്സപ്പെടുത്തുന്നതുമായ കുപ്രചരണങ്ങൾ നടത്തരുത്. കമ്പനി അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുന്ന ഭൂമി ഏറ്റെടുക്കാനും തോട്ടം തൊഴിലാളികളുൾപ്പെടെയുള്ളവരുടെ അവകാശങ്ങൾ നിലനിറുത്താനും നിയമപരമായ സംരക്ഷണം നൽകുവാനും ഈ ബില്ലിലൂടെ സാധ്യമാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഹൈക്കോടതിയുടെ 5-3-2010-ലെ നിർദ്ദേശപ്രകാരമാണ് കോടതികളിലും മറ്റധികാര സ്ഥാനങ്ങളിലും നിലനിൽക്കുന്ന കേസ്സുകൾ കൈമാറ്റം ചെയ്ത് മൂന്നാർ പ്രദേശത്തെ തർക്ക പ്രശ്നങ്ങൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതിനുവേണ്ടി സിവിൽ കോടതിയുടെ അധികാരത്തോടുകൂടിയ ഒരു പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കാൻ തീരുമാനിച്ചത്. ഹൈക്കോടതി സ്വമേധയാ കൈമാറ്റം ചെയ്യുന്ന കേസ്സുകൾ മാത്രമേ പ്രസ്തുത ട്രിബ്യൂണലിലേയ്ക്ക് റെഫർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഹൈക്കോടതി ചീഫ് ജസ്റ്റിസ് തീരുമാനിക്കുന്ന ജില്ലാ

ജഡ്ജിയെയാണ് ഇതിന്റെ ചെയർമാനായി നിശ്ചയിക്കുന്നത്. ഇതിലെ അംഗങ്ങൾ റിട്ടയേർഡ് ജില്ലാ ജഡ്ജിയോ ജില്ലാ ജഡ്ജിയാകാൻ യോഗ്യത യുള്ള ആളോ ആയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഒരു ജില്ലാ ജഡ്ജിയെത്തന്നെ കിട്ടാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സാഹചര്യത്തിൽ ട്രിബ്യൂണലിൽ നിയമിക്കപ്പെടുന്ന അംഗങ്ങളും ജില്ലാ ജഡ്ജിമാർ ആയിരിക്കണമെന്നുള്ള അഭിപ്രായം അപ്രായോഗികമാണ്. ഗവൺമെന്റ് തീരു മാനിച്ച് സ്ഥാനമേറ്റെടുക്കുന്ന വ്യക്തി നിഷ്പക്ഷനായിരിക്കും. മൂന്നാറിൽ പട്ടയം കൊടുത്ത ഭൂമിതന്നെ നിയമവിരുദ്ധമായി പലതരത്തിൽ കൈകാര്യം ചെയ്യുന്ന നടപടികളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുക എന്ന ഉദ്ദേ ശമാണ് സർക്കാരിനുള്ളത്. ഫോറസ്റ്റ് കേസ്സുകളൊന്നും ട്രൈബ്യൂണലിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല. നവീന മൂന്നാർ സൃഷ്ടിക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ പ്രതിജ്ഞ. മൂന്നാർ അതോറിറ്റിയുടെ പ്രഥമയോഗം ആഗസ്റ്റ് മാസം 3-ാം തീയതി ചേരുകയാണ്. സമയബന്ധിതമായി കാര്യങ്ങളെല്ലാം തീരുമാനിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010 പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

151, 156 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

## 3-ാം വകുപ്പ്

**159, 173, 178, 184** എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(182) ഖണ്ഡം 3 (9)-ൽ

(1) മൂന്നാം വരിയിൽ "എല്ലാ" എന്ന വാക്ക് കഴിഞ്ഞ് "വ്യവഹാര ങ്ങളും" എന്നുകൂടി ചേർക്കുക.

(2) നാലാം വരിയിലെ "നടത്തേണ്ടതും" എന്ന വാക്കിനുശേഷം അർദ്ധവിരാമ അടയാളം ചേർക്കുക.

(3) അഞ്ചാം വരിയിലെ "അധികാരിതയുമുള്ള ഏതൊരു" എന്നതിന് പകരം "അധികാരിതയുള്ള ഏതൊരു" എന്ന് ചേർക്കുക.

(185) ഖണ്ഡം 3 (9)-ൽ "ന്യായനിർണ്ണയമോ നടത്തുന്നതിന്" എന്ന വാക്കുകൾക്കുശേഷമുള്ള punctuation ഒഴിവാക്കുകകയും "ആധികാരിക തയുമുള്ള" എന്ന വാക്കിനുപകരം "ആധികാരികതയുള്ള" എന്ന് ചേർക്കുക.

(159) 3-ാം ഖണ്ഡത്തിന്റെ മാർജിനൽ ഹെഡിംഗ് താഴെ പറയുംപ്രകാരം മാറ്റി എഴുതുക. "3. ട്രൈബ്യൂണലിന്റെ രൂപീകരണവും അതിന്റെ ഘടനയും ചുമതലകളും"

(186) ഖണ്ഡം 3 (9)-ൽ അവസാന വരിയിലെ "ഉണ്ടായിരിക്കുന്ന താണ്" എന്ന വാക്കിന് പകരം "ഉണ്ടായിരിക്കുന്നതുമാണ്" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>4-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(244) (1) 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ "ഈ ആക്ട് പ്രാബല്യത്തിൽ വന്നാലുടൻതന്നെ" എന്ന വാക്കുകൾക്കു പകരം "ഈ ആക്ട് പ്രകാരം ട്രൈബ്യൂണൽ രൂപീകരിച്ചാലു ടൻ തന്നെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) 4-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം വിട്ടുകളയേണ്ടതാണ്.

(3) 4-ാം ഖണ്ഡത്തിലെ "(1)" എന്ന അക്കവും ബ്രാക്കറ്റും വിട്ടുകള യേണ്ടതാണ്.

194, 200, 203, 204 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>5-ാം വകുപ്പ്</u>

207, 209, 212 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരി പ്പിച്ചു.

(210) ഖണ്ഡം 5 (2)-ൽ "അന്തിമവുമായിരിക്കുന്നതുമാണ്" എന്നതിനുപകരം "അന്തിമമായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>7-ാം വകുപ്പ്</u>

216, 219, 221, 223 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(218) ഖണ്ഡം 7 (ബി)-യിൽ "വെളിപ്പെടുത്തുന്നതിനും" എന്ന വാക്കിനു പകരം "കണ്ടെത്തുന്നതിനും" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>12-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(245) 12-ാം ഖണ്ഡത്തിൽ (2)-ാം ഉപഖണ്ഡത്തിലെ "ജില്ലാ കോടതിയിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതും അങ്ങനെയുള്ള രേഖകൾ ജില്ലാ കോടതിയുടെ" എന്ന വാക്കുകൾക്കുപകരം "ബന്ധപ്പെട്ട കോടതിയിലേയ്ക്കോ അധികാരസ്ഥാനത്തിലേയ്ക്കോ അയച്ചുകൊടുക്കേണ്ടതും അങ്ങനെയുള്ള രേഖകൾ പ്രസ്തുത കോടതിയുടേയോ അധികാരസ്ഥാനത്തിന്റെയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

234, 237, 238 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>13-ാം വകുപ്പ്</u>

243-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

106, 116, 117, 128, 132, 134, 140 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010 പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010 പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(സഭ വൈകുന്നേരം 6.30-ന് പിരിഞ്ഞു).